409
VOL. 18 | ISSUE 18
Pages 12

# ഹാലേലൂയ്യ

16-31 OCTOBER, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla on 15-10-2013 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

## റവ.കെ.കെ.അലവി വധശ്രമം മദനിക്കെതിരെ കേസ്



**മഞ്ചേരി:** നാൽപ്പതു വർഷം മുമ്പ് ഇസ്ലാം മതത്തിൽ നിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയും മഞ്ചേരിയിൽ താമസിച്ചുകൊണ്ട് മുസ്ലീങ്ങൾക്കിടയിൽ സുവിശേഷപ്രവർത്തനം നടത്തുകയും ചെയ്യുന്ന റവ. കെ. കെ അലവിയെ വധിക്കുവാൻ പി.ഡി.പി സ്ഥാപകൻ അബ്ദുൾ നാസർ മദനി ആളെ നിയോഗിച്ചിരുന്നതായി വെളിപ്പെടുത്തൽ. എറണാകുളം നോർത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

മാറാട് കലാപത്തിൽ പ്രതിയായ അഷറഫിനെ ചോദ്യം ചെയ്തപ്പോഴാണ് ഭാരതീയ വിചാരകേന്ദ്രം സ്ഥാപകനായ പി. പരമേശ്വരനേയും, റവ. കെ. കെ അലവിയേയും വധിക്കാൻ തീരുമാനിച്ചിരുന്ന വിവരം വെളിപ്പെട്ടത്. മുസ്ലീം തീവ്രവാദികളുടെ കണ്ണിലെ കരടായി മാറിയ അലവി അച്ചനെതിരെ നിരവധി തവണ വധഭീഷണി ഉണ്ടായിട്ടുണ്ട്. 1998 മുതൽ 14 ലധികം കള്ള കേസുകൾ. എല്ലാം കെട്ടച്ചമച്ചവയാണെന്ന് കോടതി കണ്ടെത്തുകയായിരുന്നു.

"അലവി അച്ചനെ ജയിലിൽ വച്ച് നമുക്ക് ഇസ്ലാം മതത്തിലേക്ക് തിരികെ കൊണ്ടു വരാമെന്ന് മദനി പരസ്യമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ പ്രസംഗം കഴിഞ്ഞ് മാസങ്ങൾക്കകം കോയമ്പത്തൂർ സ്ഫോടന കേസ്സിൽ മദനി ജയിലിലാകുകയായിരുന്നു. ഇന്നും മദനി കർണാടകയിൽ ജയിലിൽ കഴിയുന്നു." റവ. കെ. കെ. അലവി ഹാലേലൂയ്യായോടു പറഞ്ഞു.

"എനിക്കെതിരെ നേരത്തെയും വധശ്രമം ഉണ്ടായിട്ടുണ്ട്. മാറാട് കേസിൽ തന്നെ അറസ്റ്റു ചെയ്യപ്പെട്ട ആരിഫ് എന്നെ വധിക്കുവാൻ തോക്കുമായി ഞങ്ങളുടെ ആരാധനക്കിടയിൽ വന്നു. പുറകിൽ കസേരയിൽ ഇരുന്ന ആരിഫിനോട് ഒരു സിസ്റ്റർ മുന്നോട്ടു കയറിയിരിക്കാൻ പറഞ്ഞു. ആ സമയത്ത് എന്തോ ഭീതി അയാളെ മൂടി. അയാൾ ആലയത്തിൽ നിന്ന് ഇറങ്ങി പോവുകയായിരുന്നു. ഇത് ക്രൈംബ്രാഞ്ച് പോലീസിനോട് ആരിഫ് തന്നെ വെളിപ്പെടുത്തിയതാണ്. അവർ പിന്നീട് ഞങ്ങളോട് പറഞ്ഞതാണീ കാര്യം" അലവി അച്ചൻ പറഞ്ഞു.

"എന്നെ വധിക്കാൻ ശ്രമിച്ച ആരിഫിനോടോ, അഷറഫിനോടോ എന്തിനേറെ മദനിയോടു പോലും എനിക്ക് വെറുപ്പില്ല. ക്രിസ്തുമൂലം ഞാൻ അവരേയും സ്നേഹിക്കുന്നു" അലവി അച്ചൻ പറഞ്ഞു.

സ്കൂൾ പഠനകാലത്ത് ലഭിച്ച 'തമ്പിയുടെ ഹൃദയം' എന്ന ചെറിയ പുസ്തകത്തിലൂടെ യേശുവിലേക്ക് നയിക്കപ്പെട്ട അലവി കഠിനമായ പീഢനങ്ങൾക്ക് വിധേയനായി. പിന്നീട് വീട് വിട്ട് ഓടിപ്പോയ അലവി ഹോട്ടലുകളിലും മറ്റും ജോലിയെടുത്തു. അപ്പോഴും യേശുവിലുള്ള വിശ്വാസം അണയാതെ സൂക്ഷിച്ചു. ഒടുവിൽ ദൈവവചന പഠനം നടത്തുകയും മഞ്ചേരി കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനം തുടരുകയുമാണ്.

ശക്തമായ പ്രതികൂലങ്ങൾക്കിടയിലും മലയാളി മുസ്ലീം സമൂഹത്തിൽ ഇത്ര ശക്തമായി യേശുവിനു വേണ്ടി സാക്ഷിയാകുന്ന മറ്റൊരാൾ വേറെയില്ല.

## ഐ.പി.സി.ജനറൽ ബോഡി കൗൺസിലിലേക്ക് 21 പേർ കൂടെ പി.വൈ.പി.എ.പ്രായം 40

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ ബോഡി ഒക്ടോബർ 1-ന് കുമ്പനാട്ട് നടന്നു. നിലവിലുള്ള ഭരണസമിതിയുടെ തീരുമാനങ്ങൾക്കൊപ്പമാണ് ഐ.പി.സിയിലെ ബഹുഭൂരിപക്ഷം നിലകൊള്ളുന്നതെന്ന് ഒരിക്കൽക്കൂടെ തെളിയിച്ചുകൊണ്ട് ഐ.പി.സി.ജനറൽ ബോഡിക്ക് ശുഭാന്ത്യം.

ജനറൽ കൗൺസിൽ മുമ്പോട്ടു വച്ച ഭരണഘടനാ പരിഷ്ക്കാരങ്ങളും വൻ ഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെട്ടു. വിവിധ സ്റ്റേറ്റുകൾക്ക് പ്രാതിനിധ്യം ലഭിക്കത്തക്കവിധം ജനറൽ കൗൺസിലിന്റെ അംഗസംഖ്യ 84-ൽ നിന്ന് 105 ആക്കണമെന്നതായിരുന്നു ഏറ്റവുമധികം ചർച്ചക്ക് വിധേയമായ അമന്റ്മെന്റ്. ശക്തമായ വാദപ്രതിവാദങ്ങൾക്ക് വേദിയായെങ്കിലും ഒടുവിൽ കൗൺസിൽ തീരുമാനങ്ങളെ ബഹുഭൂരിപക്ഷം പേരും അനുകൂലിക്കുകയായിരുന്നു.

പി.വൈ.പി.എ.യുടെ പ്രായപരിധി 35-ൽ നിന്ന് 40 ആക്കി ഉയർത്തുന്നതിന് ചർച്ച പോലും കൂടാതെ ജനറൽ ബോഡി അംഗീകരിച്ചു. പി.വൈ.പി.എ. പ്രായപരിധി 35 വയസാക്കിയതോടെ പി.വൈ.പി.എ.ശുഷ്ക്കമായി മാറിയിരുന്നു.

ജനറൽ ബോഡി യോഗം നിയമാനുസൃതമല്ല, തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ നിയമാനുസൃതമല്ല, തുടങ്ങിയ വാദങ്ങളോടെ ജനറൽ ബോഡി യോഗം അട്ടിമറിക്കുവാൻ സംഘടിത ശ്രമങ്ങൾ നടന്നെങ്കിലും ജനങ്ങൾ സഭാ നേതൃത്വത്തിന്റെ പുറകിൽ ഉറച്ചുനില്ക്കുന്നു എന്ന് തെളിയിക്കുന്നതായി ജനറൽ ബോഡി.

ദൈവസഭക്കെതിരെ ഒന്നാം നൂറ്റാണ്ടുമുതൽ ശത്രു വിവിധ നിലകളിൽ പോരാടിക്കൊണ്ടിരിക്കുന്നു. ആദ്യം യെരുശലേമിലെ സഭയെ പീഡനം അയച്ച് ചിതറിച്ചു. എന്നാൽ അതുകൊണ്ട് സഭയെ തകർക്കാനാവില്ല എന്നു കണ്ടപ്പോൾ സഭയ്ക്കകത്തു തന്നെ ഭിന്നത ഉണ്ടാക്കി ജനത്തിന്റെ ഐക്യതയെ നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചു. ഇന്നും അതേ തന്ത്രങ്ങളാണ് സാത്താൻ സഭക്കെതിരെ പ്രയോഗിക്കുന്നത്. എന്നാൽ പരിശുദ്ധാത്മ ശക്തിയോടെ പ്രതിസന്ധികളെ മറി കടക്കാനാകുമെന്ന് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ആമുഖ പ്രസംഗത്തിൽ ഓർപ്പിച്ചു.

കുമ്പനാട്ടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി താൻ നടത്തിയ വിദേശയാത്രകളിലൂടെയും കുമ്പനാട്ട് നടന്ന ഉപവാസ പ്രാർത്ഥനയിലൂടെയും 12 കോടി രൂപ സംഭാവനയായും വാഗ്ദാനമായും ലഭിച്ചതായി അദ്ദേഹം അറിയിച്ചു. സഹകരിച്ച എല്ലാവരോടും അദ്ദേഹം നന്ദി പറഞ്ഞു.

ജനറൽ സെക്രട്ടറി റവ.കെ.സി. ജോൺ ജനറൽ ബോഡി അജണ്ടകൾ വിശദീകരിച്ചു. റവ.സാം ജോർജ്ജ്, റവ.ബേബി വർഗീസ്, ജോൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## എ.ജി.ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

ഷാജൻ ജോൺ ഇടയ്ക്കാട്
*(മീഡിയാ കൺവീനർ)*

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൗൺസിൽ ജനറൽ കൺവൻഷൻ 2014 ജനുവരി 21-26 വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ നടക്കും. സൂപ്രണ്ട് പാസ്റ്റർ ടി.ജെ. ശാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിലായി പാസ്റ്റേഴ്സ് സെമിനാർ, മിഷൻ സെമിനാർ, വനിതാ സമ്മേളനം, സൺഡേ സ്കൂൾ സമ്മേളനം, യുവജന സമ്മേളനം തുടങ്ങിയവ നടക്കുന്നതാണ്.

26 ഞായറാഴ്ച നടക്കുന്ന പൊതുസഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനുവേണ്ടി പാസ്റ്റർ രാജൻ എബ്രഹാം ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു. പന്തൽ പാസ്റ്റർ അലക്സാണ്ടർ സാമുവേൽ, പാസ്റ്റർ കെ.എം. സാബു, പബ്ലിസിറ്റി പാസ്റ്റേഴ്സ് എ. ഷാജി, സി.വൈ. തങ്കച്ചൻ, ബ്ലെസൺ ജോൺ, മീഡിയ ബ്രദർ ഷാജൻ ജോൺ ഇടയ്ക്കാട്, വോളന്റിയേഴ്സ് പാസ്റ്റർ എ. രാജൻ, അക്കമോഡേഷൻ പാസ്റ്റേഴ്സ് സാം പി. ദാനിയേൽ, ഡി. മാത്യൂസ്, ലൈറ്റ് & സൗണ്ട്സ് പാസ്റ്റേഴ്സ് പി.കെ. യേശുദാസ്, ഡി. ജോൺലി, പ്രാർത്ഥന പാസ്റ്റേഴ്സ് വിൽസൺ ഡാനിയേൽ, ബാബു ജോർജ്, എഡ്വിൻ ജോസ്, ഷാജി യോഹന്നാൻ, സ്നാനം പാസ്റ്റേഴ്സ് ജോസ് തോമസ്, എ. ബനാൻസോസ്, എൻ. ക്രിസ്തുദാസ്, ട്രാൻസ്പോർട്ടേഷൻ പാസ്റ്റേഴ്സ് സജിമോൻ ബേബി, എ. സോളമൻ, കതൃമേശ പാസ്റ്റേഴ്സ് പി.ജി. ദാനിയേൽ, പി.പി. വർഗീസ്, ആർ.ടി. തോമസ്, അഷേഴ്സ് പാസ്റ്റേഴ്സ് പി.യു. കുര്യാക്കോസ്, ജോസ് വർഗീസ്, സ്റ്റേജ് അറേജ്മെന്റ്സ് പാസ്റ്റേഴ്സ് സജി എബ്രഹാം, എൻ.ജി. രാജു, മെഡിക്കൽ ടീം പാസ്റ്റേഴ് വർഗീസ്

*ശേഷം പേജ് 9*

## ഐ.പി.സി.ഇന്റർനാഷണൽ ബിൽഡിംഗ് നിർമ്മാണം ആരംഭിച്ചു



കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ഇന്റർനാഷണൽ ബിൽഡിംഗ് സമുച്ചയത്തിലെ ഓഡിറ്റോറിയത്തിന്റെയും കൺവൻഷൻ സ്റ്റേജിന്റെയും നിർമ്മാണ ഉദ്ഘാടനം നടത്തി. ഇതോടനുബന്ധിച്ച് 4000 പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഓഡിറ്റോറിയവും പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള പ്രത്യേക ഡോർമിറ്ററിയും പ്രാർത്ഥനാ ഗോപുരവും നിർമ്മിക്കുന്നുണ്ട്. പഴയ സ്റ്റേജിന് പിന്നിലായി 300 പേർക്കിരിക്കാവുന്ന കൺവൻഷൻ സ്റ്റേജാണ് ആദ്യം നിർമ്മിക്കുന്നത്. 20 കോടി രൂപയുടെ (സ്ട്രക്ചർ-12 കോടി, ഇന്റീരിയർ-8 കോടി) നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.

നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി. ജോൺ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ്, ജോയിന്റ് സെക്ര

*ശേഷം പേജ് 6*

+2 കഴിഞ്ഞു, ഇനി ഉപരിപഠനം എവിടെ?
പ്രകൃതിയുടെ മടിത്തട്ടിൽ
ആത്മീയ അന്തരീക്ഷത്തിൽ ഉപരിപഠനത്തിന്
| BBA | BSW | BA. Eco. | B.Com with CA | BCA
| B.Sc. HMCS | MSW | MFT | MA MCA |
"All things work together for good to them that love God"-Romans 8:28
Born to Lead
PARADISE ACADEMY Kodaikanal Christian College FAITH KNOWLEDGE SERVICE
INDIA'S FOREMOST CHARISMATIC CHRISTIAN INSTITUTION
Kodaikanal Christian College
(Autonomous) Affiliated to Madurai Kamaraj University | Approved by UGC under 12B & 2f Status
www.kcc.edu.in



**ഡോ.തോമസൺ കെ.മാത്യു**

*(ഡോ.തോമസൺ കെ.മാത്യു ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിലെ ഡിവിനിറ്റി സ്കൂളിന്റെ ഡീനും, പരേതനായ പാസ്റ്റർ കെ.ടി.മാത്യുവിന്റെ പുത്രനുമാണ്.)*



# എന്താണ് പെന്തെക്കോസ്ത് ആത്മീയത?

ജോലി തേടി അലഞ്ഞ് ഒരു യുവാവ് സർക്കസ് കമ്പനിയിലെത്തി. അവിടെ ആൾക്കുരങ്ങിന്റെ വേഷം ധരിച്ച് കാണികൾക്ക് മുമ്പിൽ അഭിനയിക്കുന്നതിനുള്ള ജോലി ലഭിച്ചു. മനസ്സില്ലാ മനസ്സോടെ ഈ ജോലി ഏറ്റെടുത്ത അവൻ ക്രമേണ ആ ജോലി ഭംഗിയായി നിർവഹിച്ചു.

ഒരു ദിവസം കാണികളെ രസിപ്പിക്കുന്ന വിക്രിയകൾ കാണിച്ചു കൊണ്ടിരിക്കെ അവൻ അബദ്ധത്തിൽ തൊട്ടടുത്ത സിംഹത്തിന്റെ കൂട്ടിൽ വീണു. സിംഹത്തെ കണ്ട് ഭയന്ന് "അയ്യോ രക്ഷിക്കണേ" എന്നലറി. സിംഹം ശാന്തമായി അവനെ നോക്കി. എന്നിട്ട് പതിഞ്ഞ ശബ്ദത്തിൽ ഇപ്രകാരം പറഞ്ഞു: "സുഹൃത്തേ, ദൈവത്തെ ഓർത്ത് നീ മിണ്ടാതിരിക്കണം. അല്ലെങ്കിൽ നമ്മുടെ രണ്ടു പേരുടെയും ജോലി പോകും."

കുരങ്ങിന്റെയും സിംഹത്തിന്റെയും വേഷം കെട്ടി കാണികളെ കബളിപ്പിക്കുന്നതു പോലെ നാമിന്ന് പെന്തെക്കോസ്തിന്റെ പുറംകുപ്പായം ധരിച്ച് വിക്രിയകൾ കാണിക്കുകയല്ലേ?

ഈ അടുത്തയിടെ അമേരിക്കയിൽ മതവിശ്വാസികൾക്കിടയിൽ നടത്തിയ ഒരു സർവ്വേയുടെ കണ്ടെത്തൽ അമ്പരപ്പിക്കുന്നതാണ്. ആ പഠനം അനുസരിച്ച് ക്രിസ്തുമത വിശ്വാസികളും ഇതര മതവിശ്വാസികളും തമ്മിൽ അടിസ്ഥാനപരമായ യാതൊരു വ്യത്യാസവും ഇപ്പോൾ ഇല്ലെന്നതാണ്. പെന്തെക്കോസ്ത് വിശ്വാസികളും മറ്റു സഭാവിശ്വാസികളും തമ്മിൽ ഇപ്പോൾ യാതൊരു വിധ വ്യത്യാസവും ഇല്ലന്ന് ഇത്തരമൊരു പഠനം നടത്തിയാൽ കണ്ടെത്താൻ സാധിക്കുമെന്നാണ് എന്റെ നിഗമനം.

നാം ജീവിക്കുന്നത് പോസ്റ്റ് മോഡേൺ കാലഘട്ടത്തിലാണ്. യൂറോപ്പിൽ ഇതിനെ പോസ്റ്റ് ക്രിസ്ത്യൻ യുഗമെന്നും, ന്യൂ എയ്ജ് അഥവാ പുതു യുഗമെന്നും വിളിക്കുന്നു. ഈ യുഗത്തിന്റെ പ്രബലമായ രണ്ട് ആശയങ്ങളുണ്ട്.

1. ആരെയും വ്രണപ്പെടുത്താതെ എല്ലാവരെയും ഉൾക്കൊള്ളുക. ക്രിസ്തീയ വിശ്വാസത്തിലും, ഹിന്ദു വിശ്വാസത്തിലും, ഇസ്ലാമിലും, ഗേമാര്യേജിലും എല്ലാം നന്മയുണ്ട്. എല്ലാറ്റിനെയും അംഗീകരിക്കുക എന്നതാണ് ആശയത്തിന്റെ ഉള്ളടക്കം.

2. മതം മോശമാണ്. എന്നാൽ മതഭക്തി നല്ലതാണ്.

ഓരോ മതത്തിന്റെയും ആത്മീയത വ്യത്യസ്തമാണ്. ഓരോന്നായി വേർതിരിച്ച് മനസ്സിലാക്കിയാൽ

ഹിന്ദു മതം: മന്ത്രങ്ങൾ, പൂജ, ക്ഷേത്ര ദർശനം തുടങ്ങിയവയാണ് ഹിന്ദു മതത്തിന്റെ ആത്മീയ പ്രകടനങ്ങൾ.

മുസ്ലീം: 'അള്ളാഹു അക്ബർ' എന്ന് പറഞ്ഞ് വിശ്വാസം പ്രഖ്യാപിക്കണം, പുറമേയുള്ള ശാരീരിക ശുദ്ധീകരണം, ദാനധർമ്മങ്ങൾ, ഉപവാസവും നോയമ്പും, തീർത്ഥാടനം-ഹജ് ഇവയാണ് മുസ്ലീം മതത്തിന്റെ ഭക്തി പ്രകടിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ.

ബുദ്ധമതം: ധ്യാനം, സർവ്വാംഗ പരിത്യാഗം, അഹിംസ എന്നിവയാണ് ബുദ്ധമതത്തിന്റേത്.

യഹൂദ മതം: വചനം-തോറ വായിക്കണം. സിനഗോഗിൽ പോകണം, പെസഹ ആചരിക്കണം.

കത്തോലിക്കർ ഉൾപ്പെടെയുള്ള സാമുദായിക ക്രൈസ്തവർ: കുമ്പസാരം, കുർബാന, കൂദാശകൾ, നോയമ്പ്, കാണിക്ക തുടങ്ങിയവ.

എന്താണ് പെന്തെക്കോസ്തിന്റെ ഭക്തിയുടെ പ്രകടനങ്ങൾ: ഇന്നയിന്ന കാര്യങ്ങൾ ചെയ്യരുത്: ഇന്നത് ചെയ്യണം എന്നതിൽ അടിസ്ഥാനമായ- കുറച്ചു കൂടെ തെളിച്ചു പറഞ്ഞാൽ നാം ജനിച്ചു വളർന്ന സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും സ്വായത്തമാക്കിയ ചില "ചെയ്യണം, ചെയ്യരുത്" കളല്ലാതെ എന്താണ് നമുക്ക് ആത്മീയതയുടെ പ്രത്യക്ഷ അടയാളമായി കാണിക്കുവാനുള്ളത്?

ക്ലീവ്‌ലന്റിലെ ഒരു സെമിനാരിയുടെ പ്രിൻസിപ്പാളായ എന്റെ സ്നേഹിതൻ ഡോ.സ്റ്റീവ് ലാൻഡിന്റെ ഡോക്ടറൽ തിസീസ് പെന്തെക്കോസ്തൽ സ്പിരിച്ചാലിറ്റി- (പെന്തെക്കോസ്ത് ആത്മീയത) എന്ന വിഷയത്തിലായിരുന്നു.

ആ പ്രബന്ധത്തിൽ അദ്ദേഹം പെന്തെക്കോസ്ത് ആത്മീയതയുടെ മൂന്ന് തലങ്ങൾ വ്യത്യസ്തമായ മൂന്ന് വാക്കുകൾ കൊണ്ട് വിവരിക്കുന്നുണ്ട്.

1.Orthodoxy-ശരിയായ ഉപദേശം

2.Orthopathy-ശരിയായ വികാരം

3.Orthopraxy-ശരിയായ ജീവിതം

അതായത് അടിസ്ഥാന ഉപദേശവും ഹൃദയവികാരങ്ങളും കൂടിച്ചേർന്നുള്ള ജീവിത ക്രമമാണ് പെന്തെക്കോസ്ത് ആത്മീയത.

1. പെന്തെക്കോസ്തിന് മറ്റ് വേദശാസ്ത്രങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു തിയോളജിയുണ്ട്. അത് പൂർണ്ണ സുവിശേഷം (full gospel) എന്ന വാക്കു കൊണ്ട് വ്യക്തമാക്കുന്നു. അതിൽ അഞ്ച് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. (1) വീണ്ടും ജനിക്കണം (2) സ്നാനമേൽക്കണം (3) പരിശുദ്ധാത്മാവിനാൽ നിറയണം (4) വിശുദ്ധ ജീവിതം നയിക്കണം (5) യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി കാത്തിരിക്കണം.

ഇന്ന് ഏതു വിധേനയും സഭ വളർത്താനുള്ള ശ്രമത്തിനിടയിൽ ഈ അടിസ്ഥാന പ്രമാണങ്ങളിൽ നാം വെള്ളം ചേർക്കുന്നുണ്ടോ എന്നാണ് എനിക്ക് സംശയം. നാമിന്ന് 'യൂസർ ഫ്രണ്ട്ലി' സഭകളെയാണ് ഇഷ്ടപ്പെടുന്നതെന്ന് തോന്നുന്നു. ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധി സൂക്ഷിക്കാതെയുള്ള സഭകൾ വലുതായാലും ചെറുതായാലും പെന്തെക്കോസ്ത് ആത്മീയതയുടെ ഭാഗമായി തെറ്റിദ്ധരിക്കരുത്. സത്യസുവിശേഷം ഉപദേശിക്കാതെയുള്ള സഭാ വളർച്ച ശരിയല്ല. ഈ സത്യസുവിശേഷത്തിന്റെ അടിത്തറയെയാണ് 'ഓർത്തഡോക്സി' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

2. പെന്തെക്കോസ്തുകാരെകുറിച്ച് പുറംലോകത്തിന്റെയും മറ്റു സഭകളുടെയും ഒരു പ്രധാന പരാതി പെന്തെക്കോസ്തുകാർ വികാരജീവികളാണെന്നാണ്. ശരിയാണ് നാം വികാരജീവികളാണ്. അതാണ് പെന്തെക്കോസ്തിന്റെ അഭിമാനകരമായ രണ്ടാമത്തെ പ്രത്യേകത. "ഓർത്തോ പാത്തി."

മൂന്നുതരം വികാരങ്ങളാണ് നമുക്ക് അത്യാവശ്യമായി വേണ്ടത്. (1) കരുണ-മറ്റുള്ളവന്റെ വേദനയിൽ കരുണ കാണിക്കാനുള്ള മനസ്സലിവ്. ഇത് പെന്തെക്കോസ്ത് വികാരവും വചനാധിഷ്ടിതവുമാണ്. (2) ധൈര്യം: ഏതുവിധ പീഡനത്തെയും അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനുമുള്ള ധൈര്യം. അപ്പൊസ്തലന്മാരേപ്പോലെ വിശ്വാസത്തിന് വേണ്ടി ധൈര്യം കാണിക്കുക എന്നത് പെന്തെക്കോസ്ത് വികാരമാണ്. അതിനെക്കുറിച്ച് ഒട്ടും ലജ്ജിക്കരുത്. (3) നന്ദിയുള്ളവരാകുക. എല്ലാം ദൈവീക ദാനമാണെന്ന ബോധ്യത്തോടെ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നതാണ് നമ്മുടെ ആരാധന. നന്ദിയെന്ന വികാരത്തിന്റെ തിരത്തള്ളലാകണം നമ്മുടെ ആരാധന. ഇത്രയുമാണ് 'ഓർത്തോപാത്തി' എന്നതിൽ അടങ്ങിയിരിക്കുന്നത്.

3. ശരിയായ നടപടിക്രമങ്ങൾ എന്ന അർത്ഥത്തിൽ ഓർത്തോ പ്രാക്സി. അതായത് അപ്പൊസ്തല പ്രവൃത്തി 2-ാം അധ്യായത്തിൽ പറയുന്ന അപ്പൊസ്തലന്മാരുടെ ഉപദേശം കൈക്കൊള്ളുക, അപ്പം നുറുക്കുക, കൂട്ടായ്മ ആചരിക്കുക, പ്രാർത്ഥന കഴിക്കുക തുടങ്ങിയ വേദപുസ്തകാധിഷ്ടിതമായ ശരിയായ ജീവിതക്രമമാണ് ഓർത്തോപ്രാക്സി എന്ന വാക്കിൽ അടങ്ങിയിരിക്കുന്നത്.

അപ്പൊസ്തലനായ പൗലോസ് നാലു കാര്യങ്ങൾ 1 തെസ്സലൊനീക്യ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. (1) എപ്പോഴും സന്തോഷിക്കണം (2) എപ്പോഴും പ്രാർത്ഥിക്കണം (3) എല്ലാറ്റിനായും സ്തോത്രം പറയണം (4) ആത്മാവിനെ കെടുക്കരുത്. ഇതൊക്കെയാണ് പെന്തെക്കോസ്ത് ആത്മീയതയുടെ അടിസ്ഥാന പ്രമാണങ്ങൾ. അല്ലാതെ ചെയ്യേണ്ടതും ചെയ്യേണ്ടാത്തതിന്റെയും വെറും ലിസ്റ്റല്ല പെന്തെക്കോസ്തിന്റെ ആത്മീയത.

പരിശുദ്ധാത്മാവ് നിറയപ്പെട്ട് അകത്തു നിന്ന് പുറത്തു വെളിപ്പെടുന്ന ജീവിത ക്രമമാണ് പെന്തെക്കോസ്ത് ആത്മീയതയുടെ അടിസ്ഥാനം. മങ്കിസ്യൂട്ട് ധരിച്ച് അഭിനയിക്കുന്നതല്ല പെന്തെക്കോസ്ത് ജീവിതം.

എഫെ.2:4-6; കൊലൊ.3:1-4 എന്നീ വാക്യങ്ങൾ ഈ അടിത്തറയിൽ നിന്ന് പഠിക്കുമ്പോൾ നാം എന്തായിരുന്നു എന്നും ഇപ്പോൾ എന്താണ് എന്നും കൃത്യമായ ഒരു ചിത്രം ലഭിക്കും.

നാം അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവർ, ജഡമോഹങ്ങൾക്കും ജഡത്തിന്റെ ഇഷ്ടത്തിനുമനുസരിച്ച് ജീവിച്ചവർ, കോപത്തിന്റെ മക്കളായിരുന്നു. ദൈവമില്ലാത്തവരും ഉടമ്പടിക്കും നിയമങ്ങൾക്കും പുറത്തുള്ളവരുമായിരുന്നു. എന്നാൽ കരുണാസമ്പന്നനായ ദൈവം നമ്മെ സ്നേഹിച്ചപ്പോൾ നമ്മുടെ അവസ്ഥക്ക് സമൂലമായ വ്യതിയാനമുണ്ടായി. ഇപ്പോൾ നാം വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടവരും, സ്വർഗ്ഗീയ പൗരന്മാരും ദൈവസഭയുടെ അംഗങ്ങളുമാണ്. യേശുവിനോട് കൂടെ ക്രൂശിക്കപ്പെട്ട് യേശുവിനോട് കൂടെ ഉയിർത്തെഴുന്നേറ്റ് ക്രിസ്തുവിൽ വസിക്കുന്നവരാണ് നാം. നാം ഇപ്പോൾത്തന്നെ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു. നാളെ സംഭവിക്കുന്ന കാര്യമല്ലിത്. നാം ഇപ്പോൾത്തന്നെ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നതാണ് പെന്തെക്കോസ്ത് ആത്മീകതയുടെ അകക്കാമ്പ്.

ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നു. അവനിലാണ് നാം വേരൂന്നിയിരിക്കുന്നത്. നാം ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നവരാണ്. യഹൂദന്മാർ അബ്രഹാം തങ്ങളുടെ പിതാവെന്ന് പറയുന്നതുപോലെ നിസാരമായ കാര്യമല്ലിത്. മുന്തിരിവള്ളിയിൽ കൊമ്പ് ഗ്രാഫ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നതുപോലുള്ള ആഴമായ വേർപിരിക്കാനാവാത്ത ബന്ധമാണിത്. ഇത് നമ്മുടെ പുറമേയുള്ള ഭക്തിപ്രകടനങ്ങൾ കൊണ്ട് നേടിയെടു

*ശേഷം പേജ് 3*

> **പെന്തെക്കോസ്ത് ആത്മീയത എന്നത് എന്തെങ്കിലും കുറേക്കാര്യങ്ങൾ ചെയ്യണം കുറേ കാര്യങ്ങൾ ചെയ്യരുത് എന്ന സാംസ്കാരികതയിൽ അടിസ്ഥാനമിട്ട ലിസ്റ്റല്ല. വേദപുസ്തകത്തിന്റെ അടിത്തറയിൽ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പുനരുത്ഥാന ശക്തിയിൽ രൂപപ്പെട്ടു വരുന്ന ജീവിതമാകണം അത്. നമ്മിൽ നിന്ന് പറിച്ചു മാറ്റാനാകാത്ത നമ്മുടെ ജനിതക ഘടന പോലെ ഡി. എൻ. എ. പോലെ അത് നമ്മെ സമൂലമായി രൂപാന്തരപ്പെടുത്തണം.**


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000



## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939



## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**


Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## സ്നാനം കടവിൽ നിന്ന് കുളത്തിലേക്കാക്കിയത്



എന്റെ മകൻ നോഹ ഞങ്ങളുടെ സഭാ കോമ്പൗണ്ടിലെ സ്നാനക്കുളത്തിൽ സ്നാനമേറ്റത് കഴിഞ്ഞ വർഷമാണ്. സ്നാനപ്പെടുവാനുള്ള അവന്റെ തീരുമാനം എനിക്കും പ്ലൻസിക്കും അപ്രതീക്ഷിതമായിരുന്നു. ഞങ്ങൾ ഇരുവരും മറ്റൊരു സഭയിൽ ആരാധനയിൽ പങ്കെടുത്ത് മടങ്ങിവന്നപ്പോഴാണ് മകൻ സ്നാനപ്പെടുവാൻ തീരുമാനിച്ച വാർത്ത ഞങ്ങളറിയുന്നത്. വലിയ ആഘോഷങ്ങളൊന്നും കൂടാതെ ആ കർമ്മം പിറ്റേ വെള്ളിയാഴ്ച നടന്നു.

ഞാനെന്റെ സ്നാനത്തെക്കുറിച്ചോർത്തു. ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ക്രിസ്തുമസ് കാലത്താണ് ഞാൻ സ്നാനപ്പെട്ടത്. “ആരിതാ വരുന്നാരിതാ വരുന്നേശു രക്ഷകനല്ലയോ...” എന്ന ഗാനവും പാടി സ്നാനക്കടവിലേക്ക് ദീർഘദൂരം നടന്നത് ഞാനിന്നെന്ന പോലെയോർക്കുന്നു. നിലമ്പൂർ ഇടക്കരയിൽ പുന്നപ്പുഴയിലെ കലക്ക വെള്ളത്തിൽ ഞാൻ യേശുവിനോട് ചേരുന്ന കാഴ്ച കാണുവാൻ ധാരാളമാളുകൾ കരയിൽ നിൽക്കുന്നുണ്ടായിരുന്നു.

അമേരിക്കൻ യാത്രക്കിടയിൽ ഒന്നിലധികം സ്നാന ശുശ്രൂഷകൾക്ക് ഞാൻ സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടുണ്ട്. ന്യൂയോർക്കിൽ പാസ്റ്റർ ജോർജ്ജ് പിചാക്കോ ശുശ്രൂഷിക്കുന്ന അസംബ്ലീസ് ഓഫ് ഗോഡ് സഭയിൽ സ്നാനത്തോടനുബന്ധിച്ച് പ്രസംഗിച്ചതും യോർദ്ദാൻ നദിയിൽ മൂന്നു പേരെ സ്നാനപ്പെടുത്തുവാൻ നേതൃത്വം നൽകിയതും ഞാനോർക്കുന്നു. അമേരിക്കയിലെ മിക്ക സഭകളിലും സ്റ്റേജിന്റെ പുറകിലാണ് സ്നാനക്കളം. തിരുവല്ലയിലെ പാസ്റ്റർ രാജു പൂവക്കാല നേതൃത്വം നൽകുന്ന ഞങ്ങളുടെ സഭയിലും സ്റ്റേജിലായിരുന്നു സ്നാനക്കുളം. ഇപ്പോൾ പുതിയ സഭാഹാൾ പണിതപ്പോൾ വിശാലമായ സ്ഥലസൗകര്യമുള്ളതിനാൽ കോമ്പൗണ്ടിന്റെ മറ്റൊരു മൂലയിലാണ് സ്നാനക്കുളം നിർമ്മിച്ചത്.

മലയാളി പെന്തെക്കോസ്തിന് സംഭവിച്ച അബദ്ധങ്ങളുടെ കൂട്ടത്തിൽ സ്നാനത്തിന് എന്താ പങ്കെന്ന് എന്റെ വായനക്കാർക്ക് സംശയം തോന്നിയേക്കാം. ഏഴാമത്തെ അബദ്ധമായി എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് സ്നാനക്കുളങ്ങൾ നിർമ്മിച്ചതാണ്.

സ്നാനം എന്ന കർമ്മത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം എന്താണ്? നാം ക്രിസ്തുവിനോട് ചേരുന്നതിന്റെ പരസ്യമായ പ്രഖ്യാപനമല്ലേ സ്നാനത്തിലൂടെ സാധ്യമാകുന്നത്. നാം ജീവിക്കുന്ന സമൂഹത്തിൽ നമുക്ക് യേശുവിന്റെ സാക്ഷ്യം പരസ്യമായി പ്രഖ്യാപിക്കുവാൻ പറ്റുന്ന ഏറ്റവും നല്ല അവസരമാണ് സ്നാനമെന്ന ചടങ്ങ്. അത് സഭാ ഹോളിനകത്തെ രഹസ്യ ചടങ്ങാക്കി മാറ്റുമ്പോൾ സ്നാനത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് നാം മാറിപ്പോകുന്നു.

സ്നാനക്കുളമെന്ന ആർഭാടം ഇല്ലാത്തവയാണ് ഇന്നും കേരളത്തിലെ 90% സഭാഹാളുകളും. എന്നാലിപ്പോൾ സ്നാനക്കുളം നിർമ്മിക്കൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. മറ്റു പല അബദ്ധങ്ങൾ പോലെ ഇതും ഇനിയൊരിക്കലും തിരുത്തുവാനാവാത്തവയാണ്. എന്നാൽ ഈ കാര്യത്തിൽ ഇതുവരെ സ്നാനക്കുളം പണിയാത്തവർക്ക് പണിയാതിരിക്കാം. പണിതവർക്ക് പോലും അടുത്ത സ്നാനം അടുത്തുള്ള പുഴക്കടവിലോ പരസ്യസ്ഥലത്തോ നടത്തുവാൻ തീരുമാനിക്കാം.

നമുക്ക് സൗകര്യങ്ങൾ വർദ്ധിച്ചപ്പോഴാണ് നാം ആലയങ്ങളോട് ചേർന്നോ ആലയത്തിനകത്തോ സ്നാനക്കുളങ്ങൾ നിർമ്മിച്ചത്. പണ്ട് നമ്മുടെ ഒന്നും രണ്ടും തലമുറ മറ്റു സമുദായങ്ങളിൽ നിന്നും, മതങ്ങളിൽ നിന്നും യേശുവിനെ സ്വീകരിച്ച് പെന്തെക്കോസ്തിൽ ചേരുമ്പോൾ അതിന്റെ പരസ്യമായ കർമ്മമായി സ്നാനപ്പെട്ടു. ഇന്ന് നമ്മുടെ മക്കളെ സഭാഹാളിനകത്തെ സ്വകാര്യതയിൽ മുക്കിപ്പൊക്കുമ്പോൾ ഒട്ടും വിലകൊടുക്കേണ്ടി വരുന്നില്ല. പണ്ട് സ്നാനമേല്ക്കുവാൻ വെള്ളത്തിലിറങ്ങിയതിന് നമ്മുടെ പൂർവ്വികർ എത്രമാത്രം അപമാനിക്കപ്പെട്ടു. എത്രപേർ പീഡിപ്പിക്കപ്പെട്ടു. അന്നത് സ്നാനത്തിന്റെ വേദപുസ്തക മാതൃകയുടെ പൂർണ്ണ അർത്ഥത്തിലുള്ള പിന്തുടർച്ചയായിരുന്നു. ഇന്നിപ്പോൾ നാം സമുദായ സഭകൾ പള്ളിക്കകത്ത് കൊച്ചിനെ മുക്ക് നടത്തുന്നതുപോലെ സ്നാനം നടത്തുമ്പോൾ അത് പേരിനുള്ള ഒരു ചടങ്ങ് മാത്രമായി മാറുന്നു എന്നതാണ് വാസ്തവം.

സ്നാനത്തെക്കുറിച്ച് പറയുമ്പോൾ മറ്റൊരു ചിന്ത കൂടെ ഞാൻ മുന്നോട്ട് വയ്ക്കട്ടെ. സ്നാനത്തിന്റെ വേദപുസ്തക മാതൃക രക്ഷിക്കപ്പെടുന്നവരെ-വിശ്വസിക്കുന്നവരെ-സ്നാനപ്പെടുത്തുക എന്നുള്ളതാണ്. രക്ഷിക്കപ്പെട്ട വ്യക്തിയെ വചനം പഠിപ്പിച്ച് പൂർണ്ണനാക്കിയിട്ട് സ്നാനപ്പെടുത്തുന്ന രീതി നമുക്കെവിടെ നിന്ന് കിട്ടിയതാണ്?

പണ്ടൊക്കെ സ്നാനക്കടവിൽ സ്നാപകൻ തയ്യാറായി വന്നവരെ സ്നാനപ്പെടുത്തിക്കഴിയുമ്പോൾ കണ്ടു നില്ക്കുന്നവരോടായി ഒരു പ്രഖ്യാപനം നടത്തുമായിരുന്നു. “ഇവിടെ കൂടി നില്ക്കുന്നവരിൽ ആരെങ്കിലും ഇപ്പോൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നെങ്കിൽ, ഇപ്പോൾത്തന്നെ സ്നാനപ്പെടുവാനും അവസരമുണ്ട്. താത്പര്യപ്പെടുന്നവർക്ക് മുന്നോട്ടു വരാം.”

സ്നാനം കണ്ടു നിന്നവരിൽ പലരും ഇത്തരം ക്ഷണം സ്വീകരിച്ച് സ്നാന ജലത്തിലേക്കിറങ്ങിയ ധാരാളം അനുഭവങ്ങൾ പഴയകാലത്തുണ്ടായിട്ടുണ്ട്. ഇന്ന് ഇത്തരമൊരു ചോദ്യം ചോദിക്കുവാൻ അവസരം നൽകാതെ നാം രഹസ്യമായി സ്നാനം നടത്തുന്നു. മാത്രവുമല്ല, ഒരാൾ രക്ഷിക്കപ്പെട്ട് മുന്നോട്ടു വന്നാൽ തന്നെ അയാളെ വചനം പഠിപ്പിച്ച് പൂർണ്ണനാക്കിയ ശേഷമേ സ്നാനപ്പെടുത്തുവാൻ തയ്യാറാവുകയുള്ളു.

> നമുക്ക് യേശുവിന്റെ സാക്ഷ്യം പരസ്യമായി പ്രഖ്യാപിക്കുവാൻ പറ്റുന്ന ഏറ്റവും നല്ല അവസരമാണ് സ്നാനമെന്ന ചടങ്ങ്. അത് സഭാ ഹോളിനകത്തെ രഹസ്യ ചടങ്ങാക്കി മാറ്റുമ്പോൾ സ്നാനത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് നാം മാറിപ്പോകുന്നു,

വേദപുസ്തകമാതൃക തികച്ചും വ്യത്യസ്തമായിരുന്നു. പെന്തെക്കോസ്തു നാളിൽ വിവിധ ദേശങ്ങളിൽ നിന്ന് യെരുശലേമിലെത്തിയ മൂവായിരം പേർ പത്രോസിന്റെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ടു. രക്ഷിക്കപ്പെട്ടവരെ അപ്പോൾത്തന്നെ സ്നാനപ്പെടുത്തി. ഫിലിപ്യയിൽ കാരാഗ്രഹ പ്രമാണി രക്ഷിക്കപ്പെട്ട അതേ രാത്രിയിൽ സ്നാനമേറ്റതായാണ് അപ്പൊസ്തല പ്രവർത്തി പറയുന്നത്. മറ്റു പല സ്നാന സന്ദർഭങ്ങളും സമാനമായവ തന്നെയായിരുന്നു.

കേരളത്തിൽ പെന്തക്കോസ്ത് ആശയങ്ങൾ വ്യാപിക്കുന്ന ആരംഭ കാലത്ത് സ്നാനം കണ്ടു നിന്ന ആളുകൾ ജലത്തിലേക്കിറങ്ങി വന്ന് അപ്പോൾ തന്നെ സ്നാനമേറ്റ നിരവധി സംഭവങ്ങൾ ഉണ്ട്. തിരുവല്ലക്കടുത്ത് ആഞ്ഞിലിത്താനം ഐ. പി. സി സഭയുടെ ചരിത്രത്തിൽ ഉള്ള ഒരു സംഭവം ഇങ്ങനെയാണ്.

ആഞ്ഞിലിത്താനം സഭയിലെ ആദ്യസ്നാനശുശ്രൂഷ ചിറയിൽ കുളത്തിൽ നടക്കുന്നു. പാസ്റ്റർ കെ. ഇ ഏബ്രഹാമും എ. ജെ ജോൺ സാറും (മാവേലിക്കര) മുഖ്യപ്രസംഗകരായി നടത്തിയ കൺവൻഷനെ തുടർന്നാണ് സ്നാനം. എ. ജെ ജോൺ സാറാണ് സ്നാപകൻ. മുൻ തീരുമാനപ്രകാരം തയ്യാറായി വന്നവരുടെ സ്നാനം കഴിഞ്ഞു. പെന്തക്കോസ്ത് സ്നാനം ആദ്യമായി നടക്കുന്നതിനാൽ ഇത് കാണാനായി ആഞ്ഞിലിത്താനം കര മുഴുവൻ കുളക്കടവിൽ എത്തിയിട്ടുണ്ട്. സ്നാനശേഷം ജോൺസാർ വിളിച്ചു പറഞ്ഞു “യേശുവിനെ ജലത്തിൽ സാക്ഷിക്കുവാൻ ഇനിയുമാരെങ്കിലും ഉണ്ടോ?”

എല്ലാവരും നോക്കി നിൽക്കെ കാണികളുടെ കൂട്ടത്തിൽ നിന്ന് പൂവക്കാല കുര്യച്ചൻ എന്ന മർത്തോമക്കാരൻ പതിയെ മുന്നോട്ടിറങ്ങി. അദ്ദേഹം സ്നാപകന്റെ അടുത്തെത്തി. “കാൽവറിയിൽ മനുഷ്യവർഗത്തിന്റെ പാപത്തിനു വേണ്ടി മരിച്ച യേശു ദൈവപുത്രനെന്ന് നീ വിശ്വസിക്കുന്നുവോ?” സ്നാപകൻ ചോദിച്ചു. “ഞാൻ വിശ്വസിക്കുന്നു” കുര്യച്ചൻ മറുപടി പറഞ്ഞു.

“വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാനുള്ള ദൈവീക വചനപ്രകാരവും നിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും ഞാൻ നിന്നെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കുന്നു” എന്നു പറഞ്ഞ് എ. ജെ. ജോൺസാർ പൂവക്കാല കുര്യച്ചനെ സ്നാനപ്പെടുത്തി. *(ഈ കുര്യച്ചന്റെ മക്കളാണ് ഇപ്പോൾ അമേരിക്കയിൽ പാർക്കുന്ന പി. കെ ജോർജ്ജ്, പി. കെ. തോമസ് എന്നിവർ).*

കുര്യച്ചന്റെ അപ്രതീക്ഷിത സ്നാനം കണ്ടുനിന്ന വാലുപറമ്പിൽ കിവർച്ചനും, എളയിടത്ത് തോമാച്ചനും ഉടനെ സ്നാനജലത്തിലേക്കിറങ്ങി. അങ്ങനെ അപ്രതീക്ഷിതമായി കിട്ടിയ മൂന്ന് വിശ്വാസികളുമായി ആ സംഘം ഒന്നിച്ചു പാടി.

“ജയം ജയം ഹല്ലേലൂയ്യാ, ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു ജയം ജയം എപ്പോഴും”.

# എന്താണ് പെന്തെക്കോസ്ത് ആത്മീയത?

*2-ാം പേജ് തുടർച്ച*

ക്കുന്നതല്ല. ദൈവകൃപ കൊണ്ട് മാത്രം സാധ്യമാകുന്നതാണ്.

സിംഹക്കുട്ടി ജനിക്കുമ്പോഴേ സിംഹത്തിന്റെ സ്വഭാവത്തിലാണ് ജനിക്കുന്നതെങ്കിൽ ദൈവമക്കളായി ജനിച്ചവർ ദൈവീക സ്വഭാവമുള്ളവരാകണം. സഭയിലായാലും, കമ്മറ്റിയിലായാലും, സാമൂഹ്യ ജീവിതത്തിലായാലും ദൈവീക സ്വഭാവം പ്രകടമാകണം. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാണ്. ക്രിസ്തുവിൽ എന്ന പദം 132 തവണയാണ് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. നാം ക്രിസ്തുവിലാണെങ്കിൽ നമുക്ക് ഒരു ശിക്ഷാവിധിയുമില്ല. വേദപുസ്തകത്തിൽ പാപികൾക്കായി ഒരു ലേഖനവുമില്ല. കൊരിന്തിലെ പാപികൾക്കല്ല; വിശുദ്ധന്മാർക്കാണ് ലേഖനം എഴുതിയിരിക്കുന്നത്. നാം ദൈവത്തിന്റെ വിശുദ്ധന്മാരാണ്.

ഈ യാഥാർത്ഥ്യം തിരിച്ചറിയരുതെന്ന് സാത്താൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിൽ നിനക്കുള്ള സ്വാതന്ത്ര്യം, സമ്പത്ത്, വിജയം അവകാശം, ഇതൊന്നും നിന്നെ അറിയിക്കാതിരിക്കാനാണ് സാത്താൻ പരിശ്രമിക്കുന്നത്. നാം അന്ധകാരത്തിൽ നിന്ന് പുറത്തു കടക്കണം, അജ്ഞതയിൽ നിന്ന് പുറത്തു കടക്കണം. പെന്തെക്കോസ്തുകാരൻ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന്റെ ആഴം തിരിച്ചറിയണം. നിന്റെ ശക്തി തിരിച്ചറിയണം. ഇത് വെറും മങ്കി സ്യൂട്ടിട്ടു കൊണ്ടുള്ള വിക്രിയയല്ല, ഫാൻസി ഡ്രസ്സല്ല, ആത്മാവിലുള്ള സ്വാതന്ത്ര്യമാണ്. ശത്രു നിന്റെ മുമ്പിൽ കൊണ്ടു വന്നിരിക്കുന്ന അന്ധകാര ബന്ധനങ്ങൾ, പാപിയാണെന്ന ഭീതി ഒക്കെ പൊട്ടിച്ചെറിയുക. നീ ദൈവപൈതലാണ് ദൈവത്തിന്റെ വിശുദ്ധനാണ്. സാത്താൻ നുണയനും നുണയന്റെ അപ്പനുമാണ്. അവൻ പറയും നീയിപ്പോഴും ബന്ധനത്തിലാണെന്ന്. നീയിപ്പോഴും പഴയ മനുഷ്യനാണെന്ന്. സാത്താനോട് എതിർത്തുനിൽക്കുക. അവൻ നമ്മെ വിട്ട് ഓടിപ്പോകും.

അമേരിക്കൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ അടിമവ്യവസ്ഥിതി നിർത്തലാക്കിക്കൊണ്ട് പ്രഖ്യാപനം നടത്തി. വെള്ളക്കാരന്റെ കീഴിൽ അടിമയായിരിക്കുന്ന ആഫ്രിക്കൻ വംശജന് ഗവൺമെന്റ് സ്വാതന്ത്ര്യം നൽകി. പക്ഷേ ഇതറിയാത്ത ഒരു അടിമയ്ക്ക് എങ്ങനെ സ്വാതന്ത്ര്യം അനുഭവിക്കാനാവും? ഒരു അടിമക്ക് സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ മൂന്നു കാര്യം ചെയ്യണം.

1) തനിക്ക് ഗവൺമെന്റ് സ്വാതന്ത്ര്യം തന്നെന്ന പ്രഖ്യാപനം കേൾക്കണം. 2) കേട്ടത് സത്യമാണെന്ന് വിശ്വസിക്കണം. 3) തന്റെ അവകാശമായ സ്വാതന്ത്ര്യം കൈവശപ്പെടുത്തണം.

സ്വർഗ്ഗമാണ് നിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. നീ ഇനിയെന്തിന് അടിമത്വത്തിൽ ജീവിക്കണം.

പെന്തെക്കോസ്ത് ആത്മീയത എന്നത് എന്തെങ്കിലും കുറേക്കാര്യങ്ങൾ ചെയ്യണം കുറേ കാര്യങ്ങൾ ചെയ്യരുത് എന്ന സാംസ്കാരികതയിൽ അടിസ്ഥാനമിട്ട ലിസ്റ്റല്ല. വേദപുസ്തകത്തിന്റെ അടിത്തറയിൽ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പുനരുത്ഥാന ശക്തിയിൽ രൂപപ്പെട്ടു വരുന്ന ജീവിതമാകണം അത്. നമ്മിൽ നിന്ന് പറിച്ചു മാറ്റാനാകാത്ത നമ്മുടെ ജനിതക ഘടന പോലെ ഡി.എൻ.എ. പോലെ അത് നമ്മെ സമൂലമായി രൂപാന്തരപ്പെടുത്തണം.

മഞ്ഞു മൂടിയ ആർട്ടിക് ഒരു പ്രത്യേക തരം സീഗൾ പക്ഷികളുണ്ട്. അവ വർഷത്തിലൊരിക്കൽ ഒരു ധ്രുവത്തിൽ നിന്ന് മറുധ്രുവത്തിലേക്ക് അറ്റ്ലാന്റിക് കടൽ കടന്ന് പറക്കും. പിന്നീട് വഴി തെറ്റാതെ തിരിച്ചെത്തുകയും ചെയ്യും. ശാസ്ത്രത്തിന് ഇന്നുവരെ വിശദീകരണം നൽകാൻ സാധിച്ചിട്ടില്ലാത്ത ഈ പലായനത്തിന്റെയും മടങ്ങിവരവിന്റെയും പ്രചോദനമെന്താണ്? ആ പക്ഷിയെ ഉദ്യമിപ്പിക്കുന്ന ഘടകമെന്ത്? അതിൽ ജന്മനാ ലഭ്യമായ ജനിതക ഘടനയിൽ ഈ യാത്രയുടെ പ്രചോദനം ഉള്ളടങ്ങിയിരിക്കുന്നു. സമയമാകുമ്പോൾ അവ ദിക്ക് തേടി പറന്നു തുടങ്ങും.

നമ്മുടെ പിതാക്കന്മാരിൽ പകരപ്പെട്ട അതേ ഡി.എൻ.എ.യാണ് നമ്മിലുമുള്ളത്. പരിശുദ്ധാത്മാവിന്റെ പുനരുത്ഥാന ശക്തി കാഹളം ധ്വനിക്കുമ്പോൾ നമ്മുടെ ഡി.എൻ.എ. അതിനോട് പ്രതികരിക്കും. നാം പറന്നു പോകും. നമ്മുടെ പിതാക്കന്മാരോട് ചേരും.

# ഡാനി പോൾ ബേബിക്ക് വീണ്ടും അപൂർവ്വ അംഗീകാരം



വയനാട്: അമേരിക്കൻ ഇന്റർനാഷണൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ എം.ഡിക്ക് പഠിക്കുന്ന ഡാനി പോൾ ബേബിക്ക് വീണ്ടും അപൂർവ്വ ബഹുമതി. ആഗസ്റ്റ് 8-ന് കൂടിയ പ്രത്യേക സമ്മേളനത്തിൽ ഗവർണർ ജനറലിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. ഇതിന് മുമ്പ് പെർഫോമൻസ് അവാർഡ് ലഭിച്ച വിവരം റിപ്പോർട്ട് ചെയ്തിരുന്നു. ഒരു ഇന്ത്യാക്കാരന് ലഭിക്കുന്ന ആദ്യ അംഗീകാരങ്ങളാണിതെല്ലാം. മുമ്പും പല മെറിറ്റ് അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. ഐ.പി.സി.ബഢേരി സഭാ ശുശ്രൂഷകൻ പാസ്റ്റർ ബേബി വി.കുര്യാക്കോസിന്റെയും ഡോ.അനിതാ ബേബിയുടെയും മകനാണ് ഡാനി. എഞ്ചിനിയറിംഗ് വിദ്യാർത്ഥിയായ ക്രിസ് കുര്യൻ ബേബി സഹോദരനാണ്.

## ബൈബിൾ ട്രെയിനിംഗ് സെന്റർ

വിഴിഞ്ഞം: പ്രാദേശിക ശുശ്രൂഷകന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഐ.പി.സി.വിഴിഞ്ഞം ഏരിയായുടെ ചുമതലയിൽ നടന്നുവന്നിരുന്ന ബഥസ്ദാ ബൈബിൾ ട്രെയിനിംഗ് സെന്റർ കോവളം ജംഗ്ഷനിലുള്ള ഫ്ളോറാ ഹോട്ടലിൽ പുനരാരംഭിച്ചു. ഐ.എ.റ്റി.എ. സെനറ്റ് മെമ്പറും, ഐ.പി.സി.വിഴിഞ്ഞം ഏരിയാ പ്രസിഡന്റുമായ പാസ്റ്റർ ഡോ.പി.എം.ജോൺസന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഈവനിംഗ് ക്ലാസിന്റെ രജിസ്ട്രാറായി ഇവാ.ബൈജു പ്രവർത്തിക്കുന്നു.



ഡോ.ജെസ്സി ജയ്സൺ

# വന്ധ്യതയുടെ നൊമ്പരത്തിൽ നിന്ന്

മക്കളില്ല എന്നതാകാം സ്ത്രീകളനുഭവിക്കുന്ന ഏറ്റവും ഏകാന്തമായ ദുഃഖം. എത്ര സ്നേഹിക്കുന്നവരോടുപോലും പൂർണ്ണമായി പങ്കു വയ്ക്കാനാവാത്ത ഒന്നായി ഈ നൊമ്പരം തീരുന്നതിന് കാരണങ്ങൾ പലതാണ്.

* ഭർത്താവിന്റെ ജീവിതസ്വപ്നങ്ങളൊക്കെ താൻ കാരണം തകർന്നുപോയല്ലോ എന്ന കുറ്റബോധം.

* ഭർതൃഗൃഹത്തിൽ അവഗണിക്കപ്പെടുകയും, ഒറ്റപ്പെടുകയും ചെയ്യുമോ എന്ന ഭയം.

* ഭാവി ജീവിതത്തിൽ കൈത്താങ്ങൽ തരുവാൻ മക്കളില്ലല്ലോ എന്ന നിരാശ.

* മറ്റുള്ളവരുടെ ചോദ്യങ്ങൾക്കും, കമന്റുകൾക്കും, ഉപദേശങ്ങൾക്കുമൊക്കെ ഉത്തരം കൊടുക്കാനാവാതെ വരുമ്പോഴുള്ള മനംമടുപ്പ്.

* എന്തു തെറ്റു ചെയ്തിട്ടാണ് ദൈവം ഈ അവസ്ഥ തന്നതെന്ന ചോദ്യം

ഇങ്ങനെ ജീവിതം മരവിച്ച അവസ്ഥയിലെത്തുന്ന പലർക്കും നിരാശയുടെ തടവറയ്ക്കപ്പുറമുള്ള ഒരു തലത്തെക്കുറിച്ച് ചിന്തിക്കുവാൻ പോലും കഴിയാറില്ല. മക്കളില്ല എന്നത് കുടുംബ ജീവിതത്തിലെ ഒരവസ്ഥയാണ്: അതിലുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് ആശ്വാസവും ലക്ഷ്യവും കണ്ടെത്തിയ അനേകം ദമ്പതികൾ നമുക്കിടയിലുണ്ട്. ദാമ്പത്യത്തിൽ അവസ്ഥകൾ വ്യത്യസ്തമാണ്. ബുദ്ധിമാന്ദ്യവും തീരാരോഗവുമുള്ള മക്കളെ ലഭിക്കുന്നവരുണ്ട്. ജീവിതയാത്രക്കിടയിൽ മക്കളെയെല്ലാം നഷ്ടപ്പെട്ടവരുണ്ട്. ഇതിലൊന്നും കുറ്റബോധത്തിന് അടിമകളാകുവാൻ നാം ഏല്പിച്ചു കൊടുക്കാതിരിക്കുക എന്നതാണ് മുഖ്യം. ശുശ്രൂഷകളിൽ പങ്കെടുക്കുമ്പോൾ പോലും മക്കളില്ലാത്ത ദമ്പതികൾ തങ്ങൾ ശാപഗ്രസ്തരെന്ന് വിധിച്ച് വീട്ടിൽ മടങ്ങിച്ചെന്ന് മണിക്കൂറുകളോളം വിങ്ങിക്കരയുന്ന അനുഭവങ്ങളുണ്ട്. ദൈവം നൽകുന്ന ഉത്തരം വ്യത്യസ്തമാണ്. മക്കളെ നൽകി എന്നു വരാം, സ്വന്തമല്ലാത്ത അനേകം മക്കളെ വളർത്തുവാനുള്ള ദർശനം നൽകുകയാവാം, പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ദൈവകൃപയുടെ ശക്തമായ പ്രവാഹമാകാം.



ഹന്നക്ക് (1ശമു.1,2 അധ്യായങ്ങൾ) പക്ഷേ, മുറിവേല്പിച്ചത് പെനിന്നയുടെ വാക്കുകളായിരുന്നു. കാരണം, "നിന്റെ ദൈവം എവിടെ?" എന്നു കൂടെ ആ മുഷിപ്പിക്കലിനർത്ഥമുണ്ടായിരുന്നു. 1ശമു.1:5,6 ഇങ്ങനെ പറയുന്നു, "യഹോവ അവളുടെ ഗർഭം അടച്ചിരുന്നു." ദൈവം അതറിഞ്ഞിരുന്നു, അനുവദിച്ചു, ഇപ്പോൾ മൗനമായുമിരിക്കുന്നു. ഹന്ന എന്ന സാധാരണ സ്ത്രീ, നമ്മിൽ പലരും അവലംബിക്കുന്ന ഒരു വഴി കണ്ടുപിടിച്ചു-കരയുക, പട്ടിണി കിടക്കുക. തനിക്കില്ലല്ലോ എന്നതിനേക്കാൾ അവളുടെ മനസ്സിനെ നൊമ്പരപ്പെടുത്തിയത് പെനിന്നക്ക് മക്കളുണ്ടല്ലോ എന്നത് തന്നെയാവണം. പുത്രോൽപ്പാദനത്തിലൂടെ സ്ത്രീയുടെ അംഗീകാരം ഒരു വലിയ പരിധിവരെ നിശ്ചയിക്കപ്പെട്ടിരുന്ന കാലം. എൽക്കാന പക്ഷേ, വ്യത്യസ്തനായ ഒരു ഭർത്താവായിരുന്നു. ഹന്നയെ അവൻ വളരെ സ്നേഹിച്ചു.

സ്വന്ത നിരാശകളുടെയും, കുറ്റബോധത്തിന്റെയും കൂട്ടിലിരിക്കാനിഷ്ടപ്പെട്ട ഹന്നക്ക് പക്ഷേ ഭർത്താവിന്റെ സ്നേഹം സ്വീകരിച്ച് ആശ്വാസം പ്രാപിക്കുവാൻ പോലും കഴിയാതിരിക്കുമ്പോൾ ഒരു കാര്യം സംഭവിച്ചു. അപ്രതീക്ഷിതമായ ഒരു നീക്കം. ഹന്ന എഴുന്നേറ്റുപോയി ദൈവസന്നിധിയിൽ ചെന്ന് ഒരു നേർച്ച നേർന്നു. വിചിത്രമെന്ന് തോന്നാവുന്ന ഒന്ന്! മറ്റാരും ചെയ്തു കേട്ടിട്ടില്ലാത്ത ഒരു നേർച്ച; ഉടമ്പടി. അതിലെ ലാഭം പക്ഷേ, അവൾക്കായിരുന്നില്ല, പൂർണ്ണമായും ദൈവത്തിനായിരുന്നു. ജീവിത പ്രതിസന്ധികളിൽ ആത്മിക വീക്ഷണം മാറുമ്പോൾ മാത്രം മനുഷ്യനുണ്ടാകുന്ന വിടുതലാണ് ഈ സംഭവത്തിൽ ആദിയോടന്തം തെളിഞ്ഞു നില്ക്കുന്നത്. ആഴമേറിയ പ്രാർത്ഥനയുടെ ഉദാഹരണമാണിത്. ഇവിടെ നമ്മുടെ ഭൗതികാവശ്യങ്ങളുടെ പരിഹാരത്തേക്കാൾ ദൈവരാജ്യത്തിലെ പങ്കാളിത്തമാണ് വിഷയമാകുന്നത്. ഹന്നായുടെ പ്രാർത്ഥനയിൽ നിന്ന് നമുക്കെന്ത് ഗ്രഹിക്കാനാവും?

രണ്ടധ്യായങ്ങളിലായി രണ്ട് വിലയേറിയ പ്രാർത്ഥനകളുണ്ട്. എളിയവളായ ഒരു സ്ത്രീ തന്റെ ഹൃദയനൊമ്പരം ദൈവത്തോട് പങ്ക് വയ്ക്കുന്നത്. (രണ്ടാമത് (1ശമു.2) തന്റെ നേർച്ച നിവൃത്തിച്ച ശേഷം ആരാധനയിൽ ഹൃദയം ദൈവസന്നിധിയിൽ പങ്ക് വയ്ക്കുന്നത്. ഹന്ന തന്റെ ജീവിതഭാരത്തിൽ നിന്നാണ് പ്രാർത്ഥനയാരംഭിച്ചതെങ്കിലും, നിമിഷങ്ങൾക്കുള്ളിൽ തന്റെ മേലുള്ള ഉന്നതവിളി അവളെ കീഴ്പ്പെടുത്തിക്കളഞ്ഞു. ദൈവം പ്രവർത്തിച്ചത് അവളുടെ ഉദരത്തിലല്ല, പിന്നെയോ ഹൃദയത്തിലായിരുന്നു. അതുകൊണ്ടു തന്നെയല്ലേ, അവസ്ഥക്ക് യാതൊരു മാറ്റവും ഉണ്ടാകാതിരുന്നിട്ടും "അവളുടെ മുഖം പിന്നെ വാടിയതുമില്ല" (1ശമു.1:18) എന്നും എഴുതിയിരിക്കുന്നത്. ഒരു മകന് വേണ്ടിയുള്ള തീവ്രമായ ആഗ്രഹത്തിന് പ്രാർത്ഥനയിലൂടെ അവൾ വിരാമമിട്ടു. അങ്ങനെ ലഭിച്ചാൽ "ജീവപര്യന്തം അവനെ യഹോവക്ക് കൊടുക്കും" എന്നുറപ്പിച്ചു.

സ്വന്തജീവിതത്തിലെ ക്ലേശങ്ങൾക്കപ്പുറമായി ദൈവരാജ്യം അവളുടെ ദർശനമായി മാറി. ആത്മീകമായ ഒരു വലിയ മുന്നേറ്റത്തിന്റെ ആഴം പുരോഹിതന് പോലും മനസ്സിലാക്കാനായില്ല. ഹന്നായ്ക്ക് വളർത്താനുള്ള മകനല്ല ജനിച്ചത്. യിസ്രായേലിന്റെ ചരിത്രത്തിലെ നിർണ്ണായക ഘട്ടത്തിൽ, ന്യായാധിപന്മാരിൽ നിന്ന് രാജാക്കന്മാരിലേക്കുള്ള മാറ്റത്തിൽ, ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുവാനുള്ള പ്രവാചകനാണ് ജനിച്ചത്.

മകനെ കിട്ടിയപ്പോൾ ഹന്നയുടെ മനസ് മാറിയില്ല. അവൾക്കുണ്ടായ മാറ്റം തികച്ചും ആന്തരികമായിരുന്നു. അതിന്റെ പ്രകടമായ ഉദാഹരണമാണ് 2-ാം അദ്ധ്യായത്തിലെ പ്രാർത്ഥന. അത് പൂർണ്ണമായും ദൈവകേന്ദ്രീകൃതമായിരുന്നു. മകന്റെ ഭൗതിക സുഖങ്ങളൊന്നുമായിരുന്നില്ല അവളുടെ ചിന്ത.

പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിഷയങ്ങൾക്ക് മാറ്റം വരുന്നതിനേക്കാൾ ദൈവം ആഗ്രഹിക്കുന്നത് നമ്മിലുള്ള മാറ്റമാണ്. ദൈവരാജ്യം ലക്ഷ്യമായിക്കഴിയുമ്പോൾ മാത്രമേ ജീവിതത്തിന്റെ പ്രതിസന്ധികളുടെ അർത്ഥം നമുക്ക് കണ്ടെത്താനാവൂ.


## സ്ഥലം വില്പനക്ക്

അടൂർ-കൊട്ടാരക്കര എം.സി.റോഡിൽ അടൂരിൽ നിന്നും 4 കി.മീ. തെക്കു മാറി എം.സി.റോഡിൽ നിന്നും 50 മീറ്റർ ദൂരത്തിൽ (2nd plot) ഇരുവശവും റോഡോടു കൂടിയ 10 സെന്റ് സ്ഥലം വില്പനക്ക്. വീടിന് അനുയോജ്യം. പോഷ് എരിയാ, Christian and Pentecostal neighbours.

**Contact 8281662109 *or* 04734-210053**



**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.

Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട (Dist).**



## വീട് വിൽപ്പനയ്ക്ക്

**അടൂർ ടൗണിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിൽ നിന്ന് 1 കി.മി. ദൂരത്തിൽ 10 സെന്റ് സ്ഥലവും വീടും വിൽപ്പനയ്ക്ക്.**

Ph: 09025869804
firstbethel@gmail.com


## ക്രിസ്ത്യൻ വിമൻസ് സെമിനാർ



*സഹായ വിതരണം പ്രസിഡന്റ് സാലി മോനോയി നിർവ്വഹിക്കുന്നു.*

**തിരുവല്ല:** ക്രിസ്ത്യൻ വിമൻസ് അസോസിയേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ വനിതാ ശാക്തീകരണ സെമിനാറും ജീവകാരുണ്യസഹായ വിതരണവും സെപ്തംബർ 28-ന് നടന്നു. പ്രസിഡന്റ് സാലി മോനായിയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ ഡയറക്ടർ ഐ.ജി.ജേക്കബ് ജോബ് സ്ത്രീ ശാക്തീകരണ സെമിനാറിൽ ക്ലാസെടുത്തു. തിരുവല്ലാ മുനിസിപ്പൽ ചെയർ പേഴ്സൺ ഡൽസി സാം ഉദ്ഘാടനം നിർവ്വഹിച്ചു. തൊഴിൽ സഹായമായി തയ്യൽ മെഷീനുകൾ, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, വികലാംഗ സഹായം എന്നിവ വിതരണം ചെയ്തു.

പൊന്നമ്മ മാത്യു (വൈസ് പ്രസിഡന്റ്), ബെറ്റി ജോർജ്ജ് (ലയൺസ് ക്ലബ്), സൂസൻ ഏബ്രഹാം (പ്രസിഡന്റ്-ഐ.പി.സി.സോദരീ സമാജം), പൊന്നമ്മ സാം (ബാംഗ്ലൂർ), ശ്രീലേഖ മാവേലിക്കര, ജോളി ജോസഫ് (സെക്രട്ടറി), റീനു അന്നു സാം എന്നിവർ പ്രസംഗിച്ചു. ഓമന കുര്യൻ (ജോയിന്റ് സെക്രട്ടറി) പ്രാർത്ഥനക്ക് നേതൃത്വം നൽകി.


## പരസ്യയോഗങ്ങൾ

**യഹോവ നിസ്സി ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മുതൽ കാസർഗോഡ് വരെ ഡിസംബർ ആദ്യവാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സ്നേഹസന്ദേശ റാലി നടത്തുന്നു. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിൽ പരസ്യയോഗം നടത്തുവാനാഗ്രഹിക്കുന്നവർ താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക. കൺവൻഷൻ, ക്വയർ സൗണ്ട് സിസ്റ്റം എന്നിവക്കും ബന്ധപ്പെടുക.**

**Pr.Ruble Varghese**
**Jehova Nissy Gospel Ministry**
**Aluva-683 102**
**Phone: 9961738946, 9744021063**


## ഗോസ്പൽ ഇൻ ആക്ഷൻ 31 വർഷം പൂർത്തിയാക്കി

കോട്ടയം: യാചകരുടെയും ചേരിനിവാസികളുടെയും ഇടയിൽ സുവിശേഷ പ്രവർത്തനം നടത്തുവാനായി ആരംഭിച്ച ഗോസ്പൽ ഇൻ ആക്ഷൻ 31 വർഷം പൂർത്തിയാക്കി.വാർഷിക സ്തോത്ര ശുശ്രൂഷ ഒക്ടോബർ 1,2 തീയതികളിൽ കോട്ടയം ഐ.പി.സി ടാബർനാക്കിളിൽ നടത്തി. പാസ്റ്റർ കെ.സി.ചെറിയാൻ ഉദ്ഘാടനം നിർവ്വഹിച്ചു.

പാസ്റ്റർ പി.ഒ.ഏലിയാസ് (ഡയറക്ടർ), പാസ്റ്റർ കെ.ജെ.മാത്യു( വൈസ് പ്രസിഡന്റ്), പാസ്റ്റർ സുരേഷ് കീഴൂർ(ജനറൽ സെക്രട്ടറി) എന്നിവർ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നു. സ്തോത്രശുശ്രൂഷയോടനുബന്ധിച്ച് നടന്ന വിവിധ മീറ്റിങ്ങുകളിൽ പാസ്റ്റർമാരായ കെ.ഇ.തോമസ്, കെ.ജെ.മാത്യു, ജോസ്, ചെയ്സ് ജോസഫ്, സാം സി.സാമുവേൽ, ഐസക്, പി.ജെ.ജോൺ എന്നിവർ പ്രസംഗിച്ചു.

രണ്ടാഴ്ചമുമ്പ് ക്രൂരമായ മർദ്ദനമേറ്റ മിഷനറി പത്രോസ്, യാചകരിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന ഇവ. പീറ്റർ മാധവൻ എന്നിവർ അനുഭവ സാക്ഷ്യം പങ്ക് വച്ചു.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ഭാരതത്തിലെ ഏറ്റവും ശക്തമായ പെന്തെക്കോസ്ത് പ്രസ്ഥാനമാണ്. 7000–ത്തോളം സഭകളും ലക്ഷക്കണക്കിന് വിശ്വാസികളുമുള്ള ഈ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ കരുത്ത് അതിന്റെ ജനാധിപത്യ ഭരണ സംവിധാനമാണ്. സഭ വളർച്ച പ്രാപിച്ചപ്പോൾ ജനാധിപത്യ ഭരണക്രമത്തിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന പുഴുക്കുത്തുകൾ ഐ.പി.സിയെയും ബാധിക്കുന്നുണ്ട്. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടക്കുന്ന അമിതമായ പ്രചരണ കോലാഹലങ്ങളും പാനൽ തിരിഞ്ഞുള്ള മത്സരങ്ങളും സഭയുടെ സൽപ്പേരിന് കളങ്കം ചാർത്തുന്നു. കാലാകാലങ്ങളിൽ ഭരണഘടനക്കും ഭരണസംവിധാനത്തിനും പരിഷ്ക്കാരം വരുത്തി സഭയെ കൂടുതൽ ഊർജ്ജസ്വലവും ധാർമ്മികമായി കരുത്തുള്ളതുമാക്കി മാറ്റേണ്ടതുണ്ട്. അടിയന്തിരമായി സഭയുടെ തിരഞ്ഞെടുപ്പ് രീതികൾ പരിഷ്ക്കരിക്കണം. അതിന് വേണ്ടി സമഗ്രമായ ചില നിർദ്ദേശങ്ങൾ ഇവിടെ മുന്നോട്ട് വയ്ക്കുന്നു. ഐ.പി.സി.നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ സെക്രട്ടറിയായ റവ.ജോസഫ് വില്യംസ് ആണ് ഈ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. പൊതു ചർച്ചക്കും ആശയരൂപീകരണത്തിനും സഭയുടെ നവീകരണത്തിനും ഈ നിർദ്ദേശങ്ങൾ ഞങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നു.

## ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയെ

# നവീകരിക്കുവാൻ ചില നിർദ്ദേശങ്ങൾ



റവ. ജോസഫ് വില്യംസ്

### ദൗത്യം

1) ഭരണം നടത്തുന്ന കൗൺസിലുകളെയും ഐ.പി.സി.യിൽ നടക്കുന്ന എല്ലാവിധ തിരഞ്ഞെടുപ്പുകളെയും നവീകരിക്കുക.
2) പണത്തിന്റെ സ്വാധീനം കുറച്ച് സഭയുടെ വാണിജ്യവത്ക്കരണം തുടച്ചുനീക്കുക.
3) സഭയുടെ സൽക്കീർത്തിയെ കളങ്കപ്പെടുത്തുകയും സഭാംഗങ്ങളെ വഴി തെറ്റിക്കുകയും ചെയ്യുന്ന നേതാക്കന്മാരെ അവഗണിക്കുക.
4) സഭാ തിരഞ്ഞെടുപ്പുകളെ അട്ടിമറിയ്ക്കുവാൻ വിലക്കെടുക്കപ്പെടുന്ന ദുരാഗ്രഹികളും, അഴിമതിക്കാരുമായ നേതൃത്വത്തെ തള്ളിക്കളയുക.
5) സഭാ നേതൃത്വത്തെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവ ശുദ്ധിയും, സേവന പാരമ്പര്യവും ഉറപ്പാക്കുക.
6) ഐ.പി.സി.പ്രസ്ഥാനത്തിന്റെ യഥാർത്ഥ ലക്ഷ്യമായ സുവിശേഷീകരണ ദൗത്യത്തിലേക്ക് മടങ്ങി വരിക.
7) ഇന്ത്യയിലെ ആദ്യ പെന്തെക്കോസ്ത് മുന്നേറ്റം എന്ന അനുഭവത്തിലേക്ക് ഐ.പി.സിയെ പുനഃസ്ഥാപിക്കുക.

**നിർദ്ദേശങ്ങൾ** ഐ.പി.സി.പ്രസ്ഥാനത്തെ നവീകരിക്കുവാൻ ഭരണഘടനാ ഭേദഗതിയും നിലവിലുള്ള നിയമങ്ങളുടെ ഭേദഗതിയും ആവശ്യമാണ്. അതിനായി ചില മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു. ഓരോ നിർദ്ദേശത്തിനും കാരണങ്ങളും വ്യക്തമാക്കുന്നു.

## 1. പ്രാദേശിക സഭ

ഐ.പി.സി.സഭാംഗത്വം: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ ഔദ്യോഗിക ഭാരവാഹികളാകുന്ന ഓരോ വ്യക്തികളും, ഐ.പി.സി. പ്രസ്ഥാനത്തിലെ ഏതെങ്കിലുമൊരു പ്രാദേശിക സഭയിലെ സ്ഥിരഅംഗമായിരിക്കണം. വിവിധ സ്ഥലങ്ങളിൽ മാറി മാറി താമസിക്കേണ്ട സാഹചര്യങ്ങളിലുള്ളവരായാലും ഏതെങ്കിലും പ്രാദേശിക സഭയിൽ വോട്ടവകാശത്തോടു കൂടിയ സ്ഥിരാംഗത്വം ഉണ്ടായിരിക്കണം. അംഗത്വമുള്ള ഐ.പി.സി.സഭക്ക് പുറത്ത് സമാനസ്വഭാവമുള്ള മറ്റൊരു സഭയുടെയോ പ്രസ്ഥാനത്തിന്റെയോ അംഗമായിരിക്കുവാൻ അനുവാദമുണ്ടായിരിക്കുകയില്ല. ഐ.പി.സിയുടെ എതെങ്കിലും പ്രാദേശിക സഭയിൽ സ്ഥിരമായി ആരാധനയിൽ സംബന്ധിക്കാത്തവരെ ഒരു കാരണവശാലും ഐ.പി.സിയുടെ അംഗമായി അംഗീകരിക്കുകയോ പ്രാദേശിക/സെന്റർ/സ്റ്റേറ്റ്/റീജിയൻ/ജനറൽ കൗൺസിൽ തുടങ്ങിയ ഔദ്യോഗിക പദവികളിലേക്ക് പരിഗണിക്കുകയോ ചെയ്യുവാൻ പാടില്ല.

**കാരണങ്ങൾ:** ഇന്ന് ഐ.പി.സി.യിൽ നടക്കുന്ന അധികാര ദുരുപയോഗങ്ങളിലൊന്ന് സാമർത്ഥ്യമുള്ളവർ പണവും സ്വാധീനവും ഉപയോഗിച്ച് തങ്ങൾ സ്ഥിരതാമസമാക്കിയിരിക്കുന്ന സ്ഥലത്തിന് പുറത്ത് ഔദ്യോഗിക സ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതാണ്. വിദേശ രാജ്യങ്ങളിൽ താമസിച്ചുകൊണ്ട് ഇന്ത്യയിൽ സെന്റർ/സ്റ്റേറ്റ് മിനിസ്റ്റർ പദവികൾ വാങ്ങുന്നതിന് ഇന്ന് യാതൊരു നിയന്ത്രണങ്ങളുമില്ല. സ്റ്റേറ്റ് പ്രസിഡന്റ് ആ സ്റ്റേറ്റിനുള്ളിലും, സെന്റർ പാസ്റ്റർ ആ സെന്ററിനുള്ളിലും താമസിച്ച് ശുശ്രൂഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സെന്ററിനുള്ളിലെ ലോക്കൽ പാസ്റ്റർമാരിൽ നിന്നും വേണം സെന്റർ പാസ്റ്റർമാരെ തിരഞ്ഞെടുക്കുവാൻ. ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യങ്ങളിലൊഴികെ, അതായത് പുതിയതും എത്തിച്ചേരുവാൻ കഴിയാത്തതുമായ മേഖലകളില്ലാതെ പുറത്തു നിന്ന് ശുശ്രൂഷകരെ നിയമിക്കരുത്. സെന്ററിന് പുറത്തു നിന്ന് വരുന്നവർ ലഭിക്കുന്ന മേഖലയിൽ താമസിച്ച് പ്രവർത്തിക്കുവാൻ സന്നദ്ധരായിരിക്കണം. 'റിമോട്ട് കൺട്രോൾ മിനിസ്ട്രി' ചെയ്യുന്ന ബിസിനസുകാരുടെ ഇറക്കുമതി ഒഴിവാക്കുവാനും സ്വദേശത്ത് അഹോരാത്രം അധ്വാനിക്കുന്ന ശുശ്രൂഷകരുടെ പ്രയത്നത്തിന് പ്രതിഫലമുണ്ടാകുന്നതിനും ഈ രീതി സഹായകരമാകും. സ്റ്റേറ്റ്/റീജിയൻ എക്സിക്യൂട്ടിവ്സും കൗൺസിൽ അംഗങ്ങളും അതാത് സ്റ്റേറ്റിലെ സ്ഥിരതാമസക്കാരായിരിക്കണം. അതത് സെന്ററിലോ രാജ്യത്തോ പോലും താമസിക്കുവാൻ കഴിയാത്തവരെ അവർ ഏറിയ വിലക്ക് വാങ്ങുവാൻ കഴിവുള്ളവരാണ് എന്നതു കൊണ്ടു മാത്രം ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് നിയമിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കുവാൻ കഴികയില്ല.

**ഇന്ന് ഐ.പി.സി.യിൽ നടക്കുന്ന അധികാര ദുരുപയോഗങ്ങളിലൊന്ന് സാമർത്ഥ്യമുള്ളവർ പണവും സ്വാധീനവും ഉപയോഗിച്ച് തങ്ങൾ സ്ഥിരതാമസമാക്കിയിരിക്കുന്ന സ്ഥലത്തിന് പുറത്ത് ഔദ്യോഗിക സ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതാണ്. വിദേശ രാജ്യങ്ങളിൽ താമസിച്ചുകൊണ്ട് ഇന്ത്യയിൽ സെന്റർ/സ്റ്റേറ്റ് മിനിസ്റ്റർ പദവികൾ വാങ്ങുന്നതിന് ഇന്ന് യാതൊരു നിയന്ത്രണങ്ങളുമില്ല. സ്റ്റേറ്റ് പ്രസിഡന്റ് ആ സ്റ്റേറ്റിനുള്ളിലും, സെന്റർ പാസ്റ്റർ ആ സെന്ററിനുള്ളിലും താമസിച്ച് ശുശ്രൂഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.**

## 2. മൂന്നു വർഷത്തിലൊരിക്കൽ അംഗസംഖ്യ കണക്കെടുപ്പ് നടത്തുക

ഓരോ മൂന്നു വർഷം കൂടുമ്പോഴും ജനറൽ ഇലക്ഷന് ആറുമാസം മുമ്പെങ്കിലും അതാത് സ്റ്റേറ്റുകളിൽ അംഗങ്ങളുടെ കണക്കെടുപ്പ് നടത്തി ഇലക്ഷന് 90 ദിവസം മുമ്പ് കണക്ക് ജനറൽ കൗൺസിലിൽ സമർപ്പിക്കണം. ഓരോ സ്റ്റേറ്റ്/റീജിയനിലുള്ള പ്രാദേശിക സഭകളിലെ ഓരോ കുടുംബങ്ങളും നൽകപ്പെട്ടിരിക്കുന്ന ഫോമുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂരിപ്പിച്ച് നൽകണം. ഐ.പി.സിയിലെ ഓർഡെയിൻഡ് പാസ്റ്റർമാരുടെ എണ്ണവും ഈ രീതിയിൽ തന്നെ തിട്ടപ്പെടുത്തുവാൻ കഴിയും. ഓരോ പ്രാദേശിക സഭകൾ, സെന്റർ/ഡിസ്ട്രിക്ട്, സ്റ്റേറ്റ്/റീജിയൻ തുടങ്ങിയവയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ സഭയിലെ അംഗസംഖ്യക്കനുസരിച്ച് പ്രതിനിധികളെ നിയമിക്കുന്നതിനുള്ള അടിസ്ഥാനമായി ഇതുപയോഗിക്കുവാൻ സാധിക്കും. സമയപരിധി കഴിഞ്ഞിട്ടും നിർദ്ദിഷ്ടവിവരങ്ങൾ കൈമാറാത്ത സഭകൾക്ക് വോട്ടവകാശം നിഷേധിക്കാം. ഐ.പി.സിയുടെ അംഗീകാരമുള്ള എല്ലാ ശുശ്രൂഷകന്മാർക്കും സഞ്ചാര സുവിശേഷകർക്കും നിർബ്ബന്ധമായും ഒരു ലോക്കൽ സഭയിൽ അംഗത്വമുണ്ടായിരിക്കണം. ആ സഭയുടെ പ്രതിനിധിയെന്ന നിലയിലായിരിക്കണം അവർക്ക് വോട്ടവകാശം, വ്യക്തിപരമായ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ മറ്റ് സഭകളിൽ അധികാരമുണ്ടായിരിക്കുവാൻ പാടില്ല.

**സെന്റർ പാസ്റ്റർമാർ/സ്റ്റേറ്റ്/റീജിയൻ/ കൗൺസിൽ ഭാരവാഹികൾ എന്നിവർ സഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ താമസിച്ചു പ്രവർത്തിക്കുമ്പോൾ, സഭക്കും സഭയുടെ സമ്പത്തിനും ഉന്നമനം ഉണ്ടാകുന്നു. അതോടൊപ്പം സ്വന്തം കുടുംബത്തിന് വേണ്ടി മാത്രം സുവിശേഷം ഉപയോഗിച്ച് സമ്പാദിക്കുക എന്ന പ്രവണതക്കും മാറ്റമുണ്ടാകും.**

**കാരണങ്ങൾ:** പ്രാദേശിക സഭയുടെ അംഗത്വ കണക്കെടുപ്പനുസരിച്ച് സുതാര്യവും നിഷ്പക്ഷവുമായ സെന്റർ/ഡിസ്ട്രിക്ട്, സ്റ്റേറ്റ്/റീജിയൻ, ജനറൽ കൗൺസിൽ തലങ്ങളിൽ പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കുവാൻ സാധിക്കും. ഉദാഹരണത്തിന് ഒരു സ്റ്റേറ്റിന്റെ അംഗസംഖ്യ ഐ.പി.സിയുടെ ആകെയുള്ള അംഗസംഖ്യയുടെ 10% മാത്രമാണെങ്കിൽ ജനറൽ കൗൺസിലിൽ ആ സ്റ്റേറ്റിൽ നിന്നുള്ള പ്രതിനിധികളുടെ എണ്ണവും 10% മാത്രമായിരിക്കണം. വോട്ടവകാശമുള്ള ഒരു ഡിസ്ട്രിക്ടിന്റെ അംഗസംഖ്യ ആ സ്റ്റേറ്റിന്റെയോ റീജിയന്റെയോ ആകെയുള്ള അംഗസംഖ്യയിൽ 10% മാത്രമാണെങ്കിൽ കൗൺസിൽ പ്രാതിനിധ്യവും 10% ആയിരിക്കണം. സ്വതന്ത്ര പ്രവർത്തനം നടത്തുന്ന ശുശ്രൂഷകർക്കും ഏതെങ്കിലും പ്രാദേശിക സഭയിൽ പ്രാതിനിധ്യമില്ലാത്തവർക്കും ഒരു കാരണവശാലും വോട്ടവകാശം അനുവദിക്കരുത്. ഓർഡിനേഷൻ വാങ്ങിയ ശേഷം ഏതെങ്കിലും ഒരു ലോക്കൽ സഭയുടെ പ്രതിപുരുഷൻ എന്ന നിലയിൽ അല്ലാതെ ഒരു പാസ്റ്റർക്കും സഭയുടെ ഭരണകാര്യങ്ങളിലോ കൗൺസിലുകളിലോ വോട്ടവകാശം നൽകുവാൻ പാടില്ല.

## 3. പ്രാദേശിക സഭാ ജനറൽ ബോഡി

ആരാധനയോടനുബന്ധിച്ചായിരിക്കരുത് പ്രാദേശിക സഭയുടെ ജനറൽ ബോഡി ക്രമീകരിക്കേണ്ടത്. പ്രാദേശിക സഭയിലെ ഭരണതലത്തിലേക്ക് ഔദ്യോഗിക സ്ഥാനങ്ങൾക്കായി ഒരു തിരഞ്ഞെടുപ്പ് ഉണ്ടാകരുത്. ഒരേ സ്ഥാനത്തേക്ക് ഒന്നിലധികം പേർ വന്നാൽ പ്രാർത്ഥിച്ച് ചീട്ടിട്ട് ഒരാളെ തിരഞ്ഞെടുക്കണം.

**കാരണങ്ങൾ:** മിക്ക സഭകളിലും ഇന്ന് ജനറൽ ബോഡികൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. സന്ദർശകർ, കുട്ടികൾ, സഭയുടെ സജീവാംഗങ്ങളല്ലാത്തവർ എന്നിവരെ ജനറൽ ബോഡിയിൽ ഇരിക്കുവാൻ അനുവദിക്കരുത്. ബിസിനസ് മീറ്റിംഗുകൾ, ജനറൽ ബോഡി തുടങ്ങിയ യോഗങ്ങൾ ആരാധനക്ക് ശേഷം സൗകര്യപ്രദമായ സമയത്ത് ക്രമീകരിച്ചാൽ ആവശ്യമുള്ളവർ മാത്രമേ അതിൽ സംബന്ധിക്കുകയുള്ളു. സഭയുടെ ഭരണ/സാമ്പത്തിക കാര്യങ്ങളിൽ താല്പര്യമില്ലാത്തവർ ഈ രംഗങ്ങൾക്ക് സാക്ഷിയാകാതിരിക്കയും ചെയ്യും.

## 4. അംഗങ്ങളുടെ അച്ചടക്കം

ഐ.പി.സി.യുടെ എല്ലാ അംഗങ്ങളും സഭാ സംബന്ധമായ പ്രശ്നങ്ങളിൽ സഭയുടെ പരമാധികാരത്തിനും നിലപാടുകൾക്കും വിധേയരായിരിക്കണം. പ്രാദേശിക സഭയുടെ പ്രശ്നങ്ങൾ, സഭാ നേതാക്കന്മാരുടെ പ്രശ്നങ്ങൾ, മറ്റു സഭകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ നിർദ്ദിഷ്ട ഫോറങ്ങളിൽ അവതരിപ്പിച്ച് സഭാ നേതൃത്വത്തിന്റെയും, ജനറൽ കൗൺസിലിന്റെയും തീരുമാനങ്ങൾക്കനുസരിച്ച് പരിഹരിക്കണം. സഭയ്ക്കെതിരെ, സഭാ നേതാക്കന്മാർക്കെതിരെ കേസ് ഫയൽ ചെയ്യുന്നവരെ ആയുഷ്ക്കാല വിലക്കേർപ്പെടുത്തി സെന്റർ, സ്റ്റേറ്റ്/റീജിയൻ, ജനറൽ കൗൺസിൽ തുടങ്ങിയ ഔദ്യോഗിക പദവികളിലേക്ക് മത്സരിക്കുവാൻ അയോഗ്യരായി പ്രഖ്യാപിക്കണം. ക്രിമിനൽ റെക്കോഡുകളുള്ള സഭാവിശ്വാസികളെയും എല്ലാ നിലകളിലുമുള്ള ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്തണം.

**കാരണങ്ങൾ:** സഭയിൽ ഒരു ക്രമവും അച്ചടക്കവും ഉണ്ടാകുവാൻ ഇത് സഹായകമാകും. ദൈവവചന പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഈ നിയമങ്ങൾ ഒരു വ്യക്തിയുടെ ആരാധനാ സ്വാതന്ത്ര്യത്തെയും പ്രാദേശിക സഭകളിൽ ആരാധനയിൽ പങ്കെടുക്കുന്നതിനുള്ള താല്പര്യത്തെയും ഹനിക്കുന്നതല്ല; സഭയിൽ ഔദ്യോഗിക സ്ഥാനം വഹിക്കുന്ന വ്യക്തിയുടെ യോഗ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള മാനദണ്ഡം മാത്രമാണ്. ഈ ക്ലോസിന്റെ നിയമസാധുത രാജ്യത്തിന്റെ നിയമങ്ങൾക്ക് വിധേയമായി ചിട്ടപ്പെടുത്തുകയും; ഒരുവൻ കുറ്റവാളിയാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടാൽ മാത്രം പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്.

## 5. സെന്റർ/ഡിസ്ട്രിക്ട്/സ്റ്റേറ്റ്/ ജനറൽ/ കൗൺസിൽ ഭാരവാഹികൾ

ഐ.പി.സിയിലെ സെന്റർ/ഡിസ്ട്രിക്ട്/സ്റ്റേറ്റ്/റീജിയൻ/ ജനറൽ കൗൺസിൽ ഭാരവാഹികൾ മറ്റു പ്രസ്ഥാനങ്ങളുടെയോ സ്വകാര്യ ട്രസ്റ്റുകളുടെയോ, ചാരിറ്റബിൾ സംഘടനകളുടെയോ നടത്തിപ്പുകാരോ ഭാരവാഹികളോ ആയിരിക്കുവാൻ പാടില്ല. ഐ.പി.സി.പ്രസ്ഥാനം, ലോക്കൽ സഭ, സെന്റർ/ഡിസ്ട്രിക്ട്/സ്റ്റേറ്റ്/റീജിയൻ/ജനറൽ കൗൺസിൽ തുടങ്ങിയവയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള പ്രസ്ഥാനങ്ങൾ ഇതിൽ പെടുന്നില്ല. ഐ.പി.സിയിലെ എല്ലാ ഭാരവാഹികളും ഐ.പി.സി.സ്പോൺസർ ചെയ്യാത്ത എല്ലാ സ്വതന്ത്ര പ്രസ്ഥാനങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കേണ്ടതാണ്. സെന്റർ/ഡിസ്ട്രിക്ട്/സ്റ്റേറ്റ്/റീജിയൻ/ ജനറൽ കൗൺസിൽ ഭാരവാഹികൾ/ശുശ്രൂഷകർ തങ്ങൾക്ക് അനുവദിക്കപ്പെട്ട ഫെയ്ത്ത് ഹോമുകളിലോ, കൗൺസിലുകൾ അവർക്കൊരുക്കിക്കൊടുക്കുന്ന മറ്റു താമസ സൗകര്യങ്ങളിലോ താമസിച്ച് പ്രവർത്തിക്കണം.

**കാരണങ്ങൾ:** മുകളിൽ പറഞ്ഞ ഭാഗങ്ങൾ പാസ്റ്റർമാരെന്നോ, വിശ്വാസിയെന്നോ കണക്കാക്കാതെ എല്ലാ ഐ.പി.സി.ഭാരവാഹികളും പ്രായോഗികമാക്കേണ്ടതാണ്. സംഭാവനകൾ, അംഗത്വ ഫീസ്, ട്രസ്റ്റുകൾ ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയവക്ക് വേണ്ടിയുള്ള പണപ്പിരിവുകൾ എന്നിവ നടത്തുന്നവരെ അവരുടെ സംഘടകളുടെ വലിപ്പമോ ശക്തിയോ നോക്കാതെ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നതിൽ നിന്ന് മാറ്റി നിർത്തണം. സെന്റർ പാസ്റ്റർമാർ/സ്റ്റേറ്റ്/റീജിയൻ/ കൗൺസിൽ ഭാരവാഹികൾ എന്നിവർ സഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ താമസിച്ചു പ്രവർത്തിക്കുമ്പോൾ, സഭക്കും സഭയുടെ സമ്പത്തിനും ഉന്നമനം ഉണ്ടാകുന്നു. അതോടൊപ്പം സ്വന്തം കുടുംബത്തിന് വേണ്ടി മാത്രം സുവിശേഷം ഉപയോഗിച്ച് സമ്പാദിക്കുക എന്ന പ്രവണതക്കും മാറ്റമുണ്ടാകും. സ്വന്തം വീടുകളിൽ താമസിച്ച് സഭക്ക് നേതൃത്വം നൽകുന്നവർ മരണാനന്തരം തങ്ങളുടെ ഭൗതിക സ്വത്തുക്കൾ ഐ.പി.സിക്ക് നല്കണം. അങ്ങനെയുള്ളവരെ മാത്രമേ സ്വന്തം വീടുകളിൽ താമസിച്ചു കൊണ്ട് സഭയെ ഭരിക്കുവാൻ അനുവദിക്കാവൂ.

## 6. സ്റ്റേറ്റ്/റീജിയൻ കൗൺസിലുകളും ഭാരവാഹികളും

(a). ഓരോ സ്റ്റേറ്റ്/റീജിയൻ കൗൺസിലുകളുടെ വലിപ്പം സ്റ്റേറ്റിന്റെ അംഗബലത്തെ ആസ്പദമാക്കിയായിരിക്കണം. (b) നിശ്ചയിച്ചിരിക്കുന്ന എണ്ണത്തിൽ കൂടുതൽ സഭകൾ ഒരു സ്റ്റേറ്റിൽ ഉണ്ടെങ്കിൽ വിവിധ വോട്ടിംഗ് മേഖലയായി തിരിച്ച് വോട്ടെടുപ്പ് നടത്തണം. കൗൺസിൽ അംഗങ്ങൾക്കായുള്ള തിരഞ്ഞെടുപ്പ് വോട്ടവകാശമുള്ള ഡിസ്ട്രിക്റ്റുകളെ കേന്ദ്രീകരിച്ച് നടത്താം. (c) അംഗസംഖ്യ അനുസരിച്ച് ഓരോ സ്റ്റേറ്റിലുമുള്ള വോട്ടിംഗ് ഡിസ്ട്രിക്ടുകളിൽ കൗൺസിൽ അംഗത്വം നൽകാം. പരിധിയിൽ കൂടുതൽ സഭകളുള്ള വലിയ സ്റ്റേറ്റുകളിൽ നിന്നുള്ള ഔദ്യോഗിക ഭാരവാഹികളെ തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിൽ അംഗങ്ങളിൽ നിന്നായിരിക്കണം തിരഞ്ഞെടുക്കേണ്ടത്.

**കാരണങ്ങൾ:** സ്റ്റേറ്റ്/റീജിയൻ വിവിധ വോട്ടിംഗ് ബ്ലോക്കുകളും/ഡിസ്ട്രിക്ടുമായി വിഭജിക്കുന്നത് വഴി കേന്ദ്രീകൃതമായ രാഷ്ട്രീയത്തിന്റെ അതിപ്രസരം സഭകളിൽ കുറയും. സഭയുടെ സ്റ്റേറ്റ്/റീജിയൻ അംഗത്വബലമനുസരിച്ച് പ്രതിനിധികളുടെ എണ്ണം

*ശേഷം പേജ് 8ൽ*

# വൈകല്യം: ചികിത്സ വേണ്ടത് സമൂഹത്തിന്



"Disability is not a weakness" ഒരിക്കലും വൈകല്യം ഒരു ബലഹീനതയല്ല. വൈകല്യം പ്രധാനമായും ശാരീരികമായും, മാനസികമായും ആണുണ്ടാകാറുള്ളത്. ചില വൈകല്യം ജന്മനാലും, ചിലത് ജനിച്ച ശേഷവുമാണ് ഉണ്ടാകുന്നത്.

വൈകല്യം ഏതുതന്നെ ആയിരുന്നാലും വൈകല്യം ഉള്ളവർ സമൂഹത്തിൽ നിന്നും അവഗണിക്കപ്പെടാറാണുള്ളത്. എന്നാൽ വൈകല്യത്തെ അവഗണിച്ച് ഉന്നതസ്ഥാനത്തെത്തിയ ധാരാളം ആൾക്കാരെ നമുക്ക് കാണാം. അവർ ആ സ്ഥാനത്തെത്തുന്നത് അവരുടെ മാതാപിതാക്കളുടെയോ അദ്ധ്യാപകരുടെയോ അതുപോലെ സമൂഹത്തിന്റെയോ പിന്തുണയോടുകൂടിയാണ്. അന്ധയും ഗായികയുമായ വൈക്കം വിജയലക്ഷ്മിക്ക് എഷ്യാനെറ്റ് കഴിഞ്ഞ വർഷം വുമൺ ഓഫ് ദി ഇയർ അവാർഡ് നൽകി ആദരിച്ച വാർത്ത മാധ്യമങ്ങളിൽ കൂടി നാം കണ്ടതാണല്ലോ.

വൈകല്യമുള്ള കുട്ടികളുണ്ടാകുമ്പോൾ ചില ആൾക്കാർ ദൈവകോപമായോ, മാതാപിതാക്കളുടെ ദോഷമായോ, കുടുംബ ശാപമായോ, പ്രകൃതിയുടെ വികൃതിയായോ ഒക്കെ ഒരു പക്ഷേ വിമർശിച്ചേക്കാം.

വൈകല്യമുള്ളവർ സമൂഹത്തിൽ അവഗണിക്കപ്പെടുന്നുവോ?

വൈകല്യമുള്ള കുട്ടികൾ ചുരുങ്ങിയ ശതമാനം മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നുള്ളു എന്നത് സത്യം തന്നേ. എന്നാൽ നല്ലയൊരു ശതമാനം കുട്ടികളും സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുകയോ, അവഗണിക്കപ്പെടുകയോ അല്ലെ ചെയ്യുന്നത്. വൈകല്യമുള്ളവരെ ശാരീരികമായും മാനസികമായും ലൈംഗികമായും ഇന്ന് പീഡിപ്പിക്കുന്ന ഒരു കാലം കൂടെയാണ്.

ഇന്ന് ഇവരെ പരിശീലിപ്പിക്കുവാൻ സ്കൂളുകളും, റിഹാബിലിറ്റേഷൻ സെന്ററുകളും ഒക്കെയുണ്ട്. ഇത് ഒരു പരിധി വരെ സ്വന്തം കാലിൽ നില്ക്കുവാൻ ഇവരെ ശേഷിയുള്ളവരാക്കും. ക്രിസ്തീയ സഭകളും സംഘടനകളും ഈ കാര്യത്തിൽ മുൻതൂക്കം നൽകുന്നു എന്നുള്ളത് പ്രശംസനീയമാണ്. ഇങ്ങനെയുള്ള ആൾക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരണം. മറ്റുള്ളവർ കൂടുന്ന സ്ഥലങ്ങളിൽ, കല്യാണം, കൺവൻഷൻ, ശവമടക്ക്, ഇതുപോലുള്ള കാര്യങ്ങളിൽ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവരെ നമ്മൾ കാണുമ്പോൾ ഒരു സാധാരണ കുട്ടിയോട് ഇടപെടുന്നതിനേക്കാൾ ഒരു പടി കൂടുതൽ സംസാരിക്കുകയും ഇടപെടുകയും വേണം. അങ്ങനെ വരുമ്പോൾ സമൂഹം അവരെ അംഗീകരിക്കുന്നു എന്നൊരു ബോധം അവരുടെ മനസ്സിലുണ്ടാകും. അതവരുടെ മാനസിക വളർച്ചക്ക് കാരണമായിത്തീരും. വൈകല്യമുള്ള ആൾക്കാർ ചെയ്യുന്ന തെറ്റുകൾക്ക് ശിക്ഷിക്കുന്ന ആൾക്കാരെയാണ് ഇന്ന് ചികിത്സിക്കേണ്ടത്. അവരെ ഉൾക്കൊള്ളുവാനും, മനസ്സിലാക്കുവാനുമുള്ള ഒരു



**കൊച്ചുമോൻ ആന്തരിയേത്ത് (ഷാർജ)**

വൈകല്യമില്ലാത്ത മനസാണ് സമൂഹത്തിന് വേണ്ടത്. ദൈവവചനം നമ്മെ ഓർപ്പിക്കുന്നു

"ബലഹീനരെ താങ്ങുവിൻ"

ഇനിയും വൈകല്യത്തെ അതിജീവിച്ച ഒരാളെ പരിചയപ്പെടാം.

1880 ജൂൺ 27-ന് അമേരിക്കയിലെ അലബമായിൽ ആർതർ എച്ച് കെല്ലറിനും കാതറീൻ ആഡംസ് കെല്ലറിനും സന്തോഷത്തിന്റെ ദിനമായിരുന്നു. കാരണം അവർക്ക് നീലക്കണ്ണുള്ള ഒരു കൊച്ചുസുന്ദരി ജനിച്ചു. ആരാണെന്ന് മനസ്സിലായോ? വൈകല്യത്തിന്റെ ബലഹീനതയെ ജീവിതം കൊണ്ട് മറിച്ചിട്ട ലോകപ്രശസ്ത ഹെലൻ ആഡംസ് കെല്ലർ. ആ സന്തോഷം അധികകാലം നിന്നില്ല. ആ കുട്ടിക്ക് 18 മാസം പ്രായമായപ്പോൾ മസ്തിഷ്ക്ക ജ്വരം പിടിക്കുകയും അതിന് ശേഷം കാഴ്ചയും കേൾവിയും നഷ്ടപ്പെടുകയും ചെയ്തു. 1887-മാർച്ചിൽ ടെലിഫോണിന്റെ ഉപജ്ഞാതാവ് ഗ്രഹാം ബെൽ ആനി സള്ളിവൻ എന്ന അധ്യാപികയെ പരിചയപ്പെടുത്തിയത്. അതവരുടെ ജീവിതത്തിന്റെ മാറ്റത്തിന്റെ തുടക്കം ആയിരുന്നു. ആദ്യം ഹെലൻ പഠിച്ച വാക്ക് വാട്ടർ (വെള്ളം) ആണ്. ആനിയുടെ സഹായത്തോടെ കഠിനാദ്ധ്വാനവും പരിശ്രമശാലിയുമായ ഹെലൻ ബെയ്ലി ടൈപ്പ്റൈറ്റിങ്ങിൽ പാടവം നേടി. ബലഹീനതയെ അവഗണിച്ച് ലോകത്തിന് മാതൃകയായ ഹെലൻ കെല്ലർക്ക് മാർക് ട്വയിൻ നൽകിയ വിശേഷണം ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗത്ഭയായ വനിത എന്നാണ്.

1904-ൽ തന്റെ 24-ാം വയസിൽ റാഡ്ക്ലിഫിൽ നിന്നും ബിരുദം നേടിയ ലോകത്തെ ആദ്യത്തെ അന്ധ-ബധിര വിദ്യാർത്ഥിനിയായിരുന്നു ഹെലൻ. അവർ തന്റെ ചരിത്രം ബെയ്ലി ലിപിയിൽ എഴുതി മിടുക്കു കാട്ടി ലോകത്തിന്റെ ചരിത്രത്തിൽ ഇടം നേടി. ഹെലൻ കെല്ലർ തന്റെ കഴിവ് പല മേഖലയിൽ ഉപയോഗിച്ച ഒരു ബഹുമുഖ പ്രതിഭയായിരുന്നു. എഴുത്തുകാരി, അധ്യാപിക, പത്രപ്രവർത്തക, രാഷ്ട്രീയ പ്രവർത്തക എന്നീ മേഖലകളിലെല്ലാം തന്നെ അവർ തന്റെ പ്രതിഭ തെളിയിച്ചു. ഏതാണ്ട് 12 പുസ്തകങ്ങളും നിരവധി ലേഖനങ്ങളും ഹെലൻ എഴുതി. 1936-ൽ ഹെലന്റെ പ്രിയപ്പെട്ട അധ്യാപിക ആനി മരിച്ചത് ഹെലനൊരു തിരിച്ചടിയായി. എന്നാലും അവൾ അതിനെ തരണം ചെയ്തു. 35 രാജ്യങ്ങളിലും 5 വൻകരകളിലും യാത്ര ചെയ്ത ഹെലന്റെ ആത്മകഥ. The story of My Life അമേരിക്കയിൽ മാത്രമല്ല ലോകമെമ്പാടും ഹെലനെ പ്രസിദ്ധമാക്കി. 1908-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഹെലന്റെ "The world I live In" എന്ന കൃതിയിൽ മറ്റുള്ളവരിൽ കൂടി കാണുന്ന ലോകത്തെയാണ് ഹെലൻ വിവരിച്ചിരിക്കുന്നത്. ആത്മീയ സ്പർശമുള്ള "Light in my darkness" വിവാദമായ മിസ്റ്റിഡിസം എന്നിവയും ഹെലന്റെ കൃതികളാണ്. ഹെലൻ കെല്ലറുടെ ജീവിതത്തെ ആസ്പദമാക്കി തയ്യാറാക്കിയ ദി അൺകോൺക്വേഡ് എന്ന ഡോക്കുമെന്ററിക്ക് ഓസ്കർ അവാർഡ് ലഭിക്കുകയുണ്ടായി.



ഹെലൻ കെല്ലർ

1909-ൽ സോഷ്യലിസ്റ്റ് പാർട്ടി അംഗമായി. താഴ്വരയിലെ ലില്ലി പുഷ്പം എന്നായിരുന്നു അക്കാലത്ത് വിശേഷിപ്പിച്ചിരുന്നത്. ഉറച്ച ദൈവവിശ്വാസിയായിരുന്ന ഹെലൻ ഒരിക്കൽപ്പോലും തന്റെ വൈകല്യത്തെക്കുറിച്ച് പിറുപിറുക്കുകയോ ദൈവത്തെ പഴിചാരുകയോ ചെയ്തിട്ടില്ല. ഒരു മിനിറ്റുപോലും പാഴാക്കാതെ അവർ പ്രവർത്തിച്ചു. ഒരു യന്ത്രമനുഷ്യനേപ്പോലെ ഹെലൻകെല്ലർ വിശ്രമരഹിതയായി ജീവിച്ചിരുന്നതായി ജോൺ എഫ്.കെന്നഡി പറഞ്ഞിട്ടുണ്ട്. 1964-ൽ അമേരിക്കയിലെ ഏറ്റവും ഉന്നതമായ സിവിലിയൻ ബഹുമതിയായ "Presidential Medal of Freedom" നൽകി അമേരിക്ക ഹെലനെ ആദരിച്ചു. ഇന്ത്യയുൾപ്പെടെ നിരവധി രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികൾ അവരെ ഡോക്ടറേറ്റ് നൽകി ആദരിച്ചു.

അവരുടെ പ്രശസ്ത വാക്കുകൾ

"I will not just live my life, I will not just spend my life, I will invest my life"

ഞാനെന്റെ ജീവിതം ജീവിച്ചു തീർക്കുകയോ, ചെലവഴിക്കുകയോ അല്ല, പകരം നിക്ഷേപിക്കുകയാണ് എന്ന വാക്കുകൾ ശ്രദ്ധേയമാണ്.

ആ ധീരവനിത 1968 ജൂൺ 1-ന് ഉറക്കത്തിൽ അന്ധതയുടെ ലോകത്തോട് വിടപറഞ്ഞു. വൈകല്യത്തെ ബലഹീനതയായി കരുതാതെ കഠിനാദ്ധ്വാനവും നിരന്തര പരിശ്രമവും ഉണ്ടങ്കിൽ അതിനെ അതിജീവിക്കാം. അതിന് ദൈവം നമ്മെ ശക്തീകരിക്കട്ടെയ വൈകല്യത്തെ അവഗണിച്ച ഹെലന്റെ പേര് ഈ ലേഖകന്റെ മകൾക്ക് ഇട്ടത് ഒരു ഭാഗ്യമായി കരുതുന്നു.

## കുമ്പനാട്ട് ബൈബിൾ പുസ്തക മേള

കുമ്പനാട് പടിഞ്ഞാറെ കവലയിലുള്ള ബേർശേബ ബൈബിൾ വേൾഡിൽ ഒക്ടോബർ 31 വരെ ബൈബിൾ പുസ്തകമേള നടക്കുന്നു. പുസ്തകങ്ങൾക്ക് 5-50% വരെ വിലക്കുറവുണ്ട്. പഠന ബൈബിൾ, ദ്വിഭാഷ, വിവിധ ഭാഷകളിലുള്ള ബൈബിളുകൾ, സിഡികൾ, ഓഡിയോ ബൈബിൾ, കുട്ടികളുടെ ബൈബിൾ തുടങ്ങി വിവിധ തരം പുസ്തകങ്ങൾ മേളയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സെക്കൻസ് ബുക്കുകളുടെ ശേഖരവും എത്തിയിട്ടുണ്ട്.

## ഓർഡിനേഷൻ നല്കി



ഫ്ളോറിഡാ: ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയനിൽ അറ്റ്ലാന്റാ ഐ.പി.സി. സഭാംഗമായ സിബി കുരുവിളക്കും, ലേക്ക്ലാന്റ് പെന്തക്കോസ്ത് അസംബ്ലി അംഗമായ റജി ഫിലിപ്പിനും ഓർഡിനേഷൻ നൽകി.

സെപ്റ്റംബർ 14-ന് ലേക്ക്ലാന്റിലുള്ള എബനേസർ ഇന്ത്യ പെന്തക്കോസ്ത് ചർച്ചിൽ നടന്ന സമ്മേളനത്തിൽ റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ അദ്ധ്യക്ഷത വഹിച്ചു. ഐ.പി.സി. മദ്ധ്യപ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സണ്ണി ഫിലിപ്പ്, പാസ്റ്റർ വി.പി. ജോസ്, പാസ്റ്റർ ജയിംസ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഓർഡിനേഷൻ ശുശ്രൂഷക്ക് നേതൃത്വം നല്കി. പാസ്റ്റർ കെ.സി.ജോൺ, പാസ്റ്റർ ജോയി ഏബ്രഹാം എന്നിവർ ശുശ്രൂഷയിൽ സഹായിച്ചു.

## ഐ.പി.സി. ബാംഗ്ലൂർ സെന്റർ വൺ കൺവൻഷൻ സമാപിച്ചു




*ബാംഗ്ലൂർ സെന്റർ വൺ കൺവൻഷന്റെ സമാപന ദിനത്തിൽ തിരുവത്താഴ ശുശ്രൂഷ പാസ്റ്റർ സാം ജോർജ്ജ് നിർവ്വഹിക്കുന്നു.*

ബാംഗ്ലൂർ: ദൈവമക്കൾ ക്രിസ്തുയേശുവിൽ ഉറപ്പുള്ളവരും, പ്രതികൂല സാഹചര്യങ്ങളിൽ കുലുങ്ങാത്തവരുമായി കർത്താവിന്റെ ശുശ്രൂഷകൾക്ക് മുൻതൂക്കം കൊടുക്കുന്നവരുമാകണമെന്ന് പാസ്റ്റർ സാറ ജോർജ്ജ് പറഞ്ഞു. സെപ്തംബർ 26-29 വരെ ഹൊറമ്മാവ് ഐ.പി.സി.ഹെഡ്ക്വാർട്ടേഴ്സ് ഓഡിറ്റോറിയത്തിൽ നടന്ന ഐ.പി.സി.ബാംഗ്ലൂർ സെന്റർ വൺ വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർമാരായ ഫിലിപ്പ് പി.തോമസ്, ബാബു ചെറിയാൻ, സാം ജോർജ്ജ്, എം.ജെ.ഡേവിഡ്, ഏബ്രഹാം മാത്യു എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിച്ചു. പാസ്റ്റർ സാം ജോർജ്ജ് തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ മാത്യു, റ്റി.എം.ദാനിയേൽ, തോമസ് ഏബ്രഹാം, വിജു മാത്യു എന്നിവർ കൺവൻഷന് നേതൃത്വം നൽകി.

### കുമ്പനാട് കൺവൻഷൻ ഗാനങ്ങൾ ക്ഷണിക്കുന്നു

കുമ്പനാട്: 2014 ജനുവരിയിൽ നടക്കുന്ന 90-ാമത് ഐ.പി.സി.കുമ്പനാട് കൺവൻഷനിലേക്ക് തീം സോംഗ് ക്ഷണിക്കുന്നു. പരിശുദ്ധാത്മാവ് എന്നതാണ് വിഷയം. ഗാനങ്ങൾ സിഡിയിലാക്കി വരികൾ സഹിതം നവംബർ 10-നകം മ്യൂസിക് കൺവീനറുടെ പേരിൽ അയക്കേണ്ടതാണ്.

പാസ്റ്റർ ജോസഫ് കെ.മാത്യു (മ്യൂസിക് കൺവീനർ), ഐ.പി.സി.ഹെബ്രോൻ, ആൽപ്പാറ, കണ്ണാറ പി.ഒ., തൃശൂർ-680 652

## ഇന്റർനാഷണൽ ബിൽഡിംഗ് നിർമ്മാണം ആരംഭിച്ചു

1-ാം പേജ് തുടർച്ച

ട്ടറി പാസ്റ്റർ സാം ജോർജ്ജ്, ട്രഷറാർ ഡോ.ജോൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. തിരുവല്ല കേന്ദ്രമാക്കിയുള്ള എ.വി.എസ്.സെറിൻ ബിൽഡേഴ്സിനാണ് നിർമ്മാണ ചുമതല. കോട്ടയം ഐ.പി.സി.തിയോളജിക്കൽ സെമിനാരി, ഓതറ ഓർത്തഡോക്സ് ദയറയിലെ സെമിനാരി കോംപ്ലക്സ് കൂടാതെ നിരവധി ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച ബിൽഡേഴ്സാണ് സുധി ഏബ്രഹാം മാനേജിംഗ് ഡയറക്ടറായ എ.വി.എസ് സെറിൻ ഗ്രൂപ്പ്.

## കർത്താവിന് 100 പാട്ട്

വിഴിഞ്ഞം: പി.വൈ.പി.എ.വിഴിഞ്ഞം ഏരിയായുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് പൂങ്കുളത്തുള്ള ഐ.പി.സി.ബഥസ്ദാ പ്രയർ ആന്റ് കൗൺസലിംഗ് സെന്ററിൽ കർത്താവിന് നൂറു പാട്ട് എന്ന പേരിൽ നോൺ സ്റ്റോപ്പ് വർഷിപ്പ് നടത്തി. വളരെ പുതുമയേറിയ ഈ ആരാധന പങ്കെടുത്തവർക്കെല്ലാം വളരെ ആത്മിക വർദ്ധവിനും കാരണമായി. പത്തു മണി മുതൽ അഞ്ചു വരെ നിർത്താതെയുള്ള ഈ ആരാധനയിൽ നൂറിലധികം ഗാനങ്ങൾ ആത്മാവിൽ പാടി ദൈവത്തെ സ്തുതിച്ചു. പി.വൈ.പി.എ.പ്രസിഡന്റ് ഇവാപോൾ രഞ്ജിത്ത് നയിച്ച ഈ ആരാധന വിഴിഞ്ഞം ഏരിയാ ശുശ്രൂഷകൻ ഡോ.പി.എം.ജോൺസൺ ഉദ്ഘാടനം ചെയ്തു. പി.വൈ.പി.എ.സെക്രട്ടറി ബ്രദർ അനീഷ് ബാബു സ്വാഗതവും, ട്രഷറാർ സിസ്റ്റർ വർഷ കെ. അനിൽ നന്ദിയും പറഞ്ഞു.

# സംസ്ഥാന പി.വൈ.പി.എ. താലന്ത് പരിശോധന ഡിസംബർ 7ന്

കുമ്പനാട്: സംസ്ഥാന പി.വൈ.പി.എ. താലന്ത് പരിശോധന ഡിസം .7 ന് തിരുവല്ല ശാരോൻ ആഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ സാബു ചാപ്രത്തിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന പി.വൈ.പി.എ. പ്രസിഡന്റ് സുവി.വിൽസൺ ശാമുവേൽ ഉദ്ഘാടനം ചെയ്യും. ജൂനിയേഴ്സ്, ഇന്റർമീഡിയേറ്റ്, സീനിയേഴ്സ്, സൂപ്പർ സീനിയേഴ്സ്, പൊതുമത്സരങ്ങൾ എന്നീ വിഭാഗത്തിൽ മത്സരങ്ങൾ നടക്കും. റവന്യു മേഖലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് സംസ്ഥാന താലന്ത് പരിശോധനയിൽ പങ്കെടുക്കാം. പ്രാദേശിക തലങ്ങളിൽ സെപ്റ്റംബർ 30–ന് മുൻപും, ഡിസ്ട്രിക്റ്റ് തലങ്ങളിൽ ഒക്ടോബർ 31–ന് മുൻപും, സോണൽ തലങ്ങളിൽ നവംബർ 20–ന് മുൻപും കൃത്യമായും നടത്തിയിരിക്കേണ്ടതാണ്. സംസ്ഥാന പി.വൈ.പി.എ യുടെ നിബന്ധനകൾ അടങ്ങുന്ന സർക്കുലർ പ്രകാരമായിരിക്കണം പ്രാദേശിക സെന്റർ സോണൽ തലങ്ങളിൽ താലന്ത് പരിശോധന സംഘടിപ്പിക്കേണ്ടത്. മെമ്പർഷിപ്പ് ഫോമിൽ ഫോട്ടോ പതിച്ച് നൽകിയവർക്ക് മാത്രമേ ഈ വർഷത്തെ താലന്ത് പരിശോധനയിൽ പങ്കെടുക്കാൻ അനുവാദമുള്ളു. എന്നാൽ ഐ.ഡി. കാർഡിന് അപേക്ഷ നൽകിയിട്ട് കാർഡ് ലഭിക്കാത്തവർക്ക് ഈ വർഷം താലന്ത് പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. സുവി.ജോർജ്ജ് തോമസിന്റെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

# ബാംഗ്ലൂർ മലയാളി പെന്തെക്കോസ്ത് സമ്മേളനം ഒക്ടോബർ 31 മുതൽ





ബാംഗ്ലൂർ: കർണ്ണാടകയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഐക്യ സമ്മേളനമായ പെന്തെക്കോസ്ത് 2013–ന്റെ 8–ാമത് വാർഷിക സമ്മേളനം ഒക്ടോബർ 31 –നവംബർ 3 വരെ ഹെണ്ണൂർ ഗാർഡൻ സിറ്റി എ.ജി.ഹാളിൽ നടക്കും. സൗത്ത് ഇന്ത്യാ കർണ്ണാടക എ. ജി. അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ.ബെന്നി സമ്മേളനം ഉദ്ഘാടനം ചെയ്യും. പാസ്റ്റർ വർഗീസ് ഏബ്രഹാം, പാസ്റ്റർ കെ.ജെ.മാത്യു എന്നിവർ പ്രസംഗിക്കും. കർണ്ണാടകയിലെ വിവിധ പെന്തെക്കോസ്ത് നേതാക്കളായ പാസ്റ്റർ റ്റി.ഡി.തോമസ്, സി.ഒ.ഉമ്മൻ, എം.ഐ.ഈപ്പൻ, ഇ.ജെ.ജോൺസൺ എന്നിവർ മുഖ്യാതിഥികളായിരിക്കും. പാസ്റ്റർ ഭക്തവത്സലൻ (ജനറൽ കൺവീനർ), ബിജു മാത്യു എന്നിവർ നേതൃത്വം നൽകും.

## വർക്കേഴ്സ് മീറ്റിംഗ്

പട്ടാമ്പി: ഐ.പി.സി.പട്ടാമ്പി ഏരിയായുടെ വർക്കേഴ്സ് മീറ്റിംഗ് സെപ്തംബർ 9–ന് കുട്ടനെല്ലൂർ സഭയിൽ നടന്നു. പാസ്റ്റർ ചാക്കോ ദേവസ്യാ നേതൃത്വം നൽകി.

## നിയമിതനായി



ഹല്ലേലുയ്യ പത്രത്തിന്റെയും ഇയർബുക്കിന്റെയും കോ-ഓർഡിനേറ്ററായി ഇവാ. ജോമോൻ ഫിലിപ്പിനെ നിയമിച്ചു. ഐ. പി. സി ഫിലദെൽഫിയ മേല്പാടം സഭാശുശ്രൂഷകൻ പാസ്റ്റർ നൈനാൻ ഫിലിപ്പിന്റെ മകനാണ്. മികച്ച ഗായകനും കീബോർഡിസ്റ്റുമാണ്. മീഡിയ മിഷൻ ഓഫീസിലും പ്രവർത്തിക്കുന്നു. ഭാര്യ ജീനാ ജോമോൻ മകൾ- കെസിയാമോൾ ഹാലേലൂയ്യായിൽ വാർത്ത, പരസ്യം, വരിസംഖ്യ, വിവാഹപരസ്യം തുടങ്ങിയവ നൽകുവാൻ ബന്ധപ്പെടുക 9562653711.








# വസ്തു വിൽപ്പനയ്ക്ക്

തിരുവല്ല – വെണ്ണിക്കുളം റൂട്ടിൽ കോമളം ജംഗ്ഷനിൽ നിന്ന് 1 കി.മി. മാറി മണിമല ആറിന്റെ തീരത്ത് ഒരു ഏക്കർ 6 സെന്റ് വസ്തു വിൽപ്പനയ്ക്ക്. 110 റബർ മരം

**Call @ 9447596751 / 9447802967**









# ഐ.പി.സി. നവീകരണത്തിന് നിർദ്ദേശങ്ങൾ

*5-ാം പേജ് തുടർച്ച*

തീരുമാനിക്കുക വഴി എല്ലാവർക്കും ആനുപാതികമായ പങ്കാളിത്വവും, നിഷ്പക്ഷതയും ഉറപ്പാക്കുവാൻ കഴിയും. ചില ഡിസ്ട്രിക്ടുകൾ മാത്രം അധികാരം കൈവശം വയ്ക്കുന്നതും ഒഴിവാക്കുവാൻ സാധിക്കും. കൗൺസിൽ അംഗങ്ങൾ നേരിട്ട് നേതൃത്വത്തെ (executives) തിരഞ്ഞെടുത്താൽ വ്യക്തിഗത രാഷ്ട്രീയവും പരസ്യപ്രചരണങ്ങളും ഒരു പരിധിവരെ ഒഴിവാക്കാം.

## 7. ജനറൽ കൗൺസിൽ

(a) ഭരണഘടനാപരവും ഉപദേശപരവുമായ എല്ലാ കാര്യങ്ങളിലും ജനറൽ കൗൺസിലിനായിരിക്കണം പരമാധികാരം. കൗൺസിലിൽ പാസ്റ്റേഴ്സിന്റെയും വിശ്വാസികളുടെയും എണ്ണം തുല്യമായിരിക്കണം. (b) ഓരോ സ്റ്റേറ്റ്/റീജിയന്റെയും എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള അംഗസംഖ്യക്കനുസരിച്ച് പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഐ.പി.സിയുടെ ജനറൽ ബോഡിക്ക് തുല്യമായിരിക്കണം ഐ.പി.സി.ജനറൽ കൗൺസിൽ. അങ്ങനെ വരുമ്പോൾ താരതമ്യേന വലുതായിരിക്കും ജനറൽ കൗൺസിൽ. (c) ഐ.പി.സി.യുടെ ആകെയുള്ള അംഗസംഖ്യയിൽ ഒരു ശതമാനമെങ്കിലും പ്രതിനിധീകരിക്കുന്ന സ്റ്റേറ്റ്/റീജിയന് അവരുടെ അംഗത്വമനുസരിച്ച് ജനറൽ കൗൺസിൽ പ്രാതിനിധ്യം ഉണ്ടായിരിക്കണം. (d) മതിയായ അംഗസംഖ്യ ഇല്ലാത്ത സ്റ്റേറ്റ്/റീജിയൻ അവരുടെ അംഗസംഖ്യക്കനുസരിച്ച് ഒന്നോ രണ്ടോ പ്രതിനിധികളെ (പാസ്റ്റർമാരിൽ നിന്ന് വിശ്വാസികളിൽ നിന്നും ഓരോരുത്തർ) നിയമിക്കാം. (e) ഓരോ സ്റ്റേറ്റ്/റീജിയന്റെ പ്രതിനിധികളായി ജനറൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ അതാത് സ്റ്റേറ്റിൽ നിന്ന് തന്നെ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. ഓരോ സ്റ്റേറ്റ്/റീജിയനിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരിൽ ഔദ്യോഗികസ്ഥാനങ്ങളിലേക്കും, അംഗങ്ങളായും പ്രതിനിധികൾ ഉൾപ്പെട്ടിരിക്കണം. ഒരു സ്റ്റേറ്റ്/റീജിയനിൽ നിന്ന് ജനറൽ കൗൺസിലിലേക്കുള്ള അംഗങ്ങളുടെ സംഖ്യ പത്തിൽ താഴെയാണങ്കിൽ ഒന്നോ രണ്ടോ പ്രതിനിധികളെ എക്സിക്യൂട്ടിവ് പദവികളിലേക്കൊഴികെയുള്ള സ്ഥാനങ്ങളിലേക്ക് അയക്കാം. എല്ലാ സ്റ്റേറ്റ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ്സ് നിർബ്ബന്ധമായും ജനറൽ കൗൺസിലിൽ അംഗങ്ങളായിരിക്കണം. (f) സഭാ ഭരണത്തിനായി ജനറൽ എക്സിക്യൂട്ടിവിനേയും അവരുടെ സഹായത്തിനായി മാനേജിംഗ് കൗൺസിലിനേയും തിരഞ്ഞെടുക്കേണ്ടത് ജനറൽ കൗൺസിലായിരിക്കണം. സ്റ്റേറ്റ്/റീജിയൻ എക്സിക്യൂട്ടിവ്സ് ജനറൽ കൗൺസിൽ എക്സിക്യൂട്ടിവ് സ്ഥാനം വഹിക്കുവാൻ പാടില്ല; എന്നാൽ മാനേജ്മെന്റ് കൗൺസിലിൽ പദവികൾ വഹിക്കുന്നതിൽ തെറ്റില്ല. (g) എക്സിക്യൂട്ടിവ്/മാനേജ്മെന്റ് കൗൺസിലുകളിൽ എക്സിക്യൂട്ടീവ്സടക്കം 21 പേരിൽ കൂടുവാൻ പാടില്ല. പാസ്റ്റർമാരുടെ എണ്ണം വിശ്വാസികളുടേതിൽ നിന്ന് ഒരെണ്ണം മാത്രം അധികമായിരിക്കണം. അതായത് 11 പാസ്റ്റർമാരും 10 വിശ്വാസികളും. (h) എക്സിക്യൂട്ടീവ്/മാനേജ്മെന്റ് കൗൺസിൽ പല കമ്മറ്റികളും സബ്കമ്മറ്റികളുമായി വിഭജിച്ച് വിവിധ ഉത്തരവാദിത്വങ്ങൾ അതാത് കമ്മറ്റികളെ ഏല്പിക്കണം. ഓരോ സബ്കമ്മറ്റിയുടെയും തലപ്പത്ത് ഒരു എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം. കഴിയുമെങ്കിൽ എല്ലാ എക്സിക്യൂട്ടിവ്സ് അംഗങ്ങളും എല്ലാ കമ്മറ്റികളിലും (Ex-officio members) അനൗദ്യോഗിക അംഗങ്ങളായിരിക്കണം. (i) ജനറൽ കൺവൻഷനോടനുബന്ധിച്ച് വർഷത്തിലൊരിക്കൽ (ജനുവരി മാസം ആയിരിക്കും നല്ലത്) വാർഷിക റിപ്പോർട്ട്, പുതുവർഷത്തേക്കുള്ള ബജറ്റ്, പുതിയ പദ്ധതികൾ, പ്രോഗ്രാമുകൾ എന്നിവ ചർച്ച് ചെയ്തു തീരുമാനിക്കുവാൻ ജനറൽ കൗൺസിൽ യോഗം കൂടണം. ജനറൽ കൗൺസിൽ എക്സിക്യൂട്ടീവ്സ്, അംഗങ്ങൾ, എക്സിക്യൂട്ടീവ് കൗൺസിൽ തുടങ്ങിയ പദവികളുടെ ദൈർഘ്യം മൂന്നു വർഷമായിരിക്കണം. (j) ജനറൽ കൗൺസിലിൽ പ്രസിഡന്റ് (1), ജനറൽ സെക്രട്ടറി (1), ട്രഷറാർ (1), ജോയിന്റ് സെക്രട്ടറിമാർ (3), തുടങ്ങി 7 ഔദ്യോഗിക ഭാരവാഹികൾ ഉണ്ടായിരിക്കണം. ഇതിൽ ട്രഷറാറും 2 ജോയിന്റ് സെക്രട്ടറിമാരും വിശ്വാസികളിൽ നിന്നുള്ളവരാകണം. മറ്റെല്ലാ ഭാരവാഹികളും പാസ്റ്റർമാർ തന്നെയായിരിക്കണം. മൂന്ന് ജോയിന്റ് സെക്രട്ടറിമാർ, മൂന്ന് വ്യത്യസ്ത സ്റ്റേറ്റ്/റീജിയനുകളിൽ നിന്നായിരിക്കണം. (k) ഓരോ സ്ഥാനങ്ങളിലേക്ക് ഒരു വ്യക്തിക്ക് ഒറ്റ വോട്ട് എന്ന തത്വം അനുസരിച്ച് വേണം തിരഞ്ഞെടുപ്പ്. പ്രസിഡന്റ്/ജന.സെക്രട്ടറി സ്ഥാനങ്ങളിലേക്ക് 50%-ലധികം സാധുവായ വോട്ടുകൾ നിർബ്ബന്ധമാക്കണം. ആദ്യറൗണ്ടിലെ വോട്ടെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് വ്യക്തമായ ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ വോട്ടിംഗിൽ ഏറ്റവും മുന്നിൽ വന്ന 2 സ്ഥാനാർത്ഥികളെ ചേർത്ത് രണ്ടിലൊരാൾക്ക് മുൻതൂക്കം ലഭിക്കുന്നതുവരെ രണ്ടാം റൗണ്ട് വോട്ടെടുപ്പ് നടത്താം. മറ്റ് എക്സിക്യൂട്ടീവ് സ്ഥാനങ്ങളെല്ലാം ലഭിക്കുന്ന വോട്ടിന്റെ ഭൂരിപക്ഷമനുസരിച്ച് തീരുമാനിക്കണം. ഒന്നിൽക്കൂടുതൽ ഒഴിവുകളുള്ള ജോ. സെക്രട്ടറി പോലുള്ള പദവികളിലേക്ക് ഓരോ ജനറൽ കൗൺസിൽ മെമ്പറും ഒരു ഔദ്യോഗിക സ്ഥാനത്തേക്ക് ഒരു വോട്ടെന്ന നിലയിൽ ചെയ്യേണ്ടതാണ്.

**കാരണങ്ങൾ:**

(1) കൗൺസിലംഗങ്ങളുടെ എണ്ണം 21 ആകുമ്പോൾ 11:10 എന്ന അനുപാതം ശരിയാകും. എന്നാൽ കൗൺസിൽ അംഗങ്ങൾ ഉദാഹരണത്തിന് 210 ആണെങ്കിൽ 110 പാസ്റ്റർമാരും 100 വിശ്വാസികളും എന്ന നിലയിൽ ആനുപാതകമായി വർദ്ധിപ്പിക്കുന്നത് യുക്തിസഹമല്ല. എപ്പോഴും പാസ്റ്റർമാരുടെ എണ്ണം വിശ്വാസികളുടേതിനേക്കാൾ ഒന്നു മാത്രം കൂടുതലാക്കി നിജപ്പെടുത്തുക. (2) ഓരോ സ്റ്റേറ്റ്/റീജിയൻ അംഗസംഖ്യക്ക് ആനുപാതികമായിരിക്കണം ജനറൽ കൗൺസിൽ പ്രാതിനിധ്യം. ഉദാഹരണത്തിന് ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 400+എന്ന് നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഒരു ശതമാനം അംഗത്വമുള്ള റീജിയനുകൾക്ക് 4 ജനറൽ കൗൺസിൽ അംഗങ്ങളും 10% അംഗസംഖ്യയുള്ള സ്റ്റേറ്റ്/റീജിയന് 40 അംഗങ്ങൾ എന്ന നിലയിലും പ്രാതിനിധ്യം ലഭിക്കണം. 1% താഴെ അംഗസംഖ്യയുള്ളവർക്ക് രണ്ടോ മൂന്നോ പ്രതിനിധികളെ അനുവദിക്കാം. അങ്ങനെ ഓരോ സ്റ്റേറ്റ്/റീജിയൻ അംഗസംഖ്യയുടെ അനുപാതത്തിനനുസരിച്ച് മാത്രം പ്രതിനിധികളെ നിയമിച്ചും ഓരോ സ്റ്റേറ്റിന്റെയും അംഗസംഖ്യ കുറവുള്ളവർക്ക് നിശ്ചയിച്ചിരിക്കുന്ന അനുപാതം മാത്രം അനുവദിച്ചും നിശ്ചിത സംഖ്യ തികക്കാം. (3) ഇത്തരത്തിൽ ജനറൽ ബോഡിയായി പ്രവർത്തിക്കുന്ന ജനറൽ കൗൺസിലുണ്ടായാൽ ഐ.പി.സി.ഹെഡ്ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ച് മധ്യതിരുവിതാംകൂർ മേഖലയിൽ നടമാടുന്ന രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കുവാൻ സാധിക്കും. ഐ.പി.സി.ജനറൽ കൗൺസിലും എക്സിക്യൂട്ടീവ്സും സാർവ്വദേശീയ സഭയെ പ്രതിനിധാനം ചെയ്യുന്നതിനാൽ ഈ നടപടി മൂലം ജനറൽ ബോഡി സഭയുടെ യഥാർത്ഥ പ്രതിബിംബമായിത്തീരും. (4) സ്റ്റേറ്റ്/റീജിയൻ എക്സിക്യൂട്ടീവുകൾ ജനറൽ കൗൺസിലിലേക്ക് വരികയും ആവശ്യമെങ്കിൽ മാത്രം കൂടുതൽ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്യുക വഴി ചില സ്റ്റേറ്റുകൾ മാത്രം അധികാരം കയ്യടക്കുന്ന രീതിക്ക് മാറ്റമുണ്ടാകുകയും ജനറൽ കൗൺസിലിന്റെ അധികാരം വർധിക്കുകയും ചെയ്യും.

5) ജനറൽ കൗൺസിൽ അംഗത്വം വളരെയായതിനാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ കമ്മറ്റി (ഉദ.21 പേർ) സഭാ കാര്യങ്ങളുടെ നിർവ്വഹണത്തിനായി ഉണ്ടാകേണ്ടതാവശ്യമാണ്. ഓരോ ഡിപ്പാർട്ടുമെന്റുകളുടെയും ഉത്തരവാദിത്വങ്ങൾ സബ് കമ്മറ്റികളെ ഭരമേല്പിക്കണം. ഉദാ: ട്രഷറാർ നേതൃത്വം നൽകുന്ന ഫിനാൻസ് കമ്മറ്റി സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കണം. 21 പേരാണ് കമ്മറ്റിയിലുള്ളതെങ്കിൽ ജനറൽ പ്രസഡിന്റ് ചെയർമാനായി 11 പാസ്റ്റർമാർ ജനറൽ പ്രസ്ബിറ്ററി അംഗങ്ങളായി പ്രവർത്തിക്കണം. (6) മുൻകൂട്ടി സമയം നിശ്ചയിക്കപ്പെട്ട ജനറൽ കൺവൻഷന്റെ സമയത്ത് ജനറൽ കൗൺസിൽ യോഗം നടത്തുവാൻ സാധിച്ചാൽ എല്ലാ സ്റ്റേറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾക്ക് പങ്കെടുക്കുവാൻ എളുപ്പമാകും. കഴിഞ്ഞ വർഷങ്ങളിലെ റിപ്പോർട്ട് അവതരണം പുതിയ വർഷത്തേക്കുള്ള പ്രവർത്തന പദ്ധതികൾ, പരിപാടികൾ തുടങ്ങിയവ മാനേജ്മെന്റ് കമ്മറ്റിയെ ഭരമേല്പിക്കുവാനും ജനറൽ കൗൺസിലിന് കഴിയും. ഇപ്പോഴത്തെ ജനറൽ കൗൺസിൽ ഫലപ്രദമല്ലാത്തതിന്റെ കാരണം ഹെഡ്ക്വാർട്ടേഴ്സിന് സമീപ സ്ഥലങ്ങളിൽ നിന്നുള്ളവർ മാത്രമാണ് പതിവായി ജനറൽ കൗൺസിലിൽ പങ്കെടുക്കുന്നുള്ളുവെന്നതാണ്. ഇത് ജനറൽ കൗൺസിലിന്റെ ശക്തി ക്ഷയിപ്പിക്കും. (7) ഒരേ സ്ഥാനത്തേക്ക് ഒന്നിലധികം ഒഴിവുകളുള്ളപ്പോൾ ആനുപാതികമായ നിലയിൽ മാത്രം വോട്ടിംഗ് നടത്തി എക്സിക്യൂട്ടീവ്സിനേയും അംഗങ്ങളേയും തിരഞ്ഞെടുത്താൽ പാനലുകളുടെയും, ഗ്രൂപ്പുകളുടെയും സ്വാധീനം വളരെ കുറയും. (8) ജനറൽ എക്സിക്യൂട്ടീവ്സിന്റെ എണ്ണം 7 എന്ന് നിജപ്പെടുത്തിയാൽ 4:3 അനുപാതത്തിൽ പാസ്റ്റർമാർക്കും വിശ്വാസികൾക്കും പ്രാതിനിധ്യം ലഭിക്കും. പാസ്റ്റർമാരുടെയും എണ്ണം വിശ്വാസികളുടേതിൽ നിന്ന് ഒന്ന് കൂടുതലായിരിക്കും.

(9) ഒരേ റീജിയനിൽ നിന്ന് പല ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് പ്രാതിനിധ്യം ഉണ്ടാകുന്നതിന് തടസ്സം പാടില്ല. എന്നാൽ ജോയിന്റ് സെക്രട്ടറി പോലുള്ള പദവികളിലേക്ക് ഒന്നിലധികം ഒഴിവുകൾ ഉള്ളതിനാൽ പല സ്റ്റേറ്റിൽ നിന്നുമുള്ള പ്രതിനിധികളായിരിക്കും നല്ലത്.





2014 ലെ ഇംഗ്ലീഷ്/മലയാളം ബൈബിൾ വാക്യ കലണ്ടർ തയ്യാറായിരിക്കുന്നു

ഓർഡർ അനുസരിച്ച് ചർച്ചിന്റെ പേരും അഡ്രസും ചേർത്ത് പ്രിന്റു ചെയ്തു കൊടുക്കുന്നതാണ്




പ്രീ പബ്ലിക്കേഷൻ

മികച്ച 3 ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നു







തിരുവട്ടാർ കൃഷ്ണൻകുട്ടി

അപ്പൊസ്തലനായ പൗലൊസ് (മുഖവില 200/-)

മലാഖി മുതൽ ക്രിസ്തുവരെ (മുഖവില 150/-)

പോൾ ഗോപാലകൃഷ്ണൻ

ശാസ്ത്രീയ പ്രവചനങ്ങൾ (മുഖവില 130/-)




പ്രീ പബ്ലിക്കേഷൻ രണ്ടിനുംകൂടി ₹ 330/-

(ഒക്ടോബർ 31 നു മുമ്പു ബുക്കു ചെയ്യുന്നവർക്കു മാത്രം)

**Beersheba Bible World**

Dr. No. 42/438, Nettayikodath 3rd Cross
Palarivattom, Kochi -682 025

Post Office Jn.
Kumbanad - 689 547

Ph. +91 9400965428; +91 9946205428



**MANASA COLLEGE OF NURSING**

(Approved by INC & KNC and Affiliated to RGUHS Banglore)

Hosur Main Road, Malur, Bangalore

**B.Sc. (N) | Gen. (N)**

**P.C. B.Sc.(N) | M.Sc.(N)**

Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty

കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ



LAST DATE OCTOBER 15

College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Call @ 9947963438
9847170530



ചെന്നൈ പോരൂരിലേക്ക് സ്വാഗതം

ആത്മീയ ആരാധന

**I.P.C.BETHEL ASSEMBLY PORUR**

Samayapuram, 7th Street, 15/2 Canara Bank Road

മലയാളം ആരാധനക്കും, പ്രാർത്ഥനാവശ്യങ്ങൾക്കും, കൗൺസലിംഗ്, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

Near Sri Ramachandra Medical College & Miot Hospital
Time: ആരാധന: 9AM - 11.30AM
സണ്ടേസ്കൂൾ: 8.15 AM to 9AM

For more details: 07305869434, 07200005325, 08056037717



നിങ്ങളുടെ വിവാഹം ഏറ്റവും ഭംഗിയായും ഉത്തരവാദിത്വത്തോടും ചെയ്തുതരുന്നു



**BENEvents**

providing colourful events

Bethel Building, Near SBT
Kumbanad, Thiruvalla 689 547, India
Mob: 9947933433
Email: benevents@ymail.com
www.benevents.org

## ഉപവാസ പ്രാർത്ഥനയും വചനശുശ്രൂഷയും

തൃശൂർ: ജില്ലയിലെ വിവിധ പെന്തെക്കോസ്ത് സഭകളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ഉപവാസ പ്രാർത്ഥനയും വചനശുശ്രൂഷയും നവം.12-14 വരെ നെല്ലിക്കുന്ന് ഐ.പി.സി.ഇമ്മാനുവേൽ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർമാരായ ടി.ഡി.ബാബു, ജോബി റ്റി.അലക്സ്, എബി ഐരൂർ എന്നിവർ പ്രസംഗിക്കും. പ്രെയ്സ് മെലഡീസ് സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും. നവം.14-ന് കുട്ടികൾക്കും യുവജനങ്ങൾക്കുമായി ക്രമീകരിച്ചിരിക്കുന്ന പ്രത്യേക യോഗത്തിൽ ഇവാ.ബിനു ജോസഫ് വടശ്ശേരിക്കര പ്രസംഗിക്കും.

## പി.വൈ.പി.എ.വയനാട് സോണൽ ക്യാമ്പ്

വയനാട്: പി.വൈ.പി.എ.വയനാട് സോണൽ ക്യാമ്പ് സെപ്തംബർ 15-18 വരെ പച്ചിലക്കാട് ഹെബ്രോൻ നഗറിൽ നടന്നു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ബെന്നി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ രാജു ആനിക്കാട്, വി.വി.ഷാജൻ, സാജു സി.ജോസഫ്, സുനിൽ മാത്യു, ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ ക്ലാസുകളെടുത്തു. പാസ്റ്റർ ജിജി തെക്കേടത്ത്, പാസ്റ്റർ തോമസ് തോമസ്, തുടങ്ങിയവർ വിവിധ സെഷനുകൾ നയിച്ചു. ബാബു & ടീം സംഗീത ശുശ്രൂഷ നയിച്ചു. 350-ലധികം പേർ ക്യാമ്പിൽ സംബന്ധിച്ചു. സോണൽ പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ബെന്നി, സോണൽ സെക്രട്ടറി സന്ദീപ് വിളമ്പുകണ്ടം തുടങ്ങിയവർ നേതൃത്വം നൽകി.

## കാഴ്ചയില്ലാത്ത യുവാവ് കരുണ തേടുന്നു

തിരുവനന്തപുരം വിതുര: മരുതാമല സ്വദേശിയായ ഡേവിഡ് ഏബ്രഹാം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ വിതുര-ചിറ്റാർ സഭാംഗമാണ്. ചില വർഷങ്ങളായി പൂർണ്ണമായും അന്ധത ബാധിച്ചിരിക്കുന്ന ഈ യുവാവിനോ ഭാര്യക്കോ ജോലിയോ വരുമാന മാർഗ്ഗമോ ഇല്ല. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത ഇവർക്ക് ഒരു ഭവനം ഉണ്ടാകേണ്ടതിന് സുമനസ്സുള്ളവരുടെ കാരുണ്യം തേടുന്നു.

ഡേവിഡ് ഏബ്രഹാം, കലാ ഭവൻ, അടിപറമ്പ്, മരുതമല പി.ഒ., വിതുര-695551

## ലഹരി വിരുദ്ധ സന്ദേശ യാത്ര

കൊട്ടാരക്കര: ഐ.പി.സി.കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് നേതൃത്വം നൽകുന്ന ലഹരി വിരുദ്ധ സന്ദേശ യാത്ര കൊട്ടാരക്കരയിലും പരിസര പ്രദേശങ്ങളിലുമായി ഒക്ടോബർ 19 ശനിയാഴ്ച ഉച്ചക്ക് രണ്ടു മണി മുതൽ നടക്കും. ഗാനശുശ്രൂഷ, സ്കിറ്റ്, ലഹരി വിരുദ്ധ ബോധവത്ക്കരണ സന്ദേശങ്ങൽ എന്നിവ പ്രോഗ്രാമിന്റെ ഭാഗമായി നടക്കും. ലഹരി വിമുക്ത കേരളം-നമ്മുടെ സ്വപ്നം എന്ന സന്ദേശത്തോടെ കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ ഇത്തരം യാത്രകൾ പ്ലാൻ ചെയ്യുന്നതായി സെക്രട്ടറി സജി പോൾ അറിയിച്ചു.8129331708

## കണിയാംപാറ കൺവൻഷൻ

കണിയാംപാറ: എ.പി.സി. പുന്നവേലി സെന്ററിന്റെ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 13-15 വരെ കണിയാംപാറ എബനേസർ പ്രാർത്ഥനാലയത്തിൽ കൺവൻഷൻ നടന്നു. പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജേക്കബ് ചെറിയാൻ, സിസ്റ്റർ റീനാ ജേക്കബ് എടത്വാ എന്നിവർ പ്രസംഗിച്ചു.

## എ.ജി.ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

*1-ാം പേജ് തുടർച്ച*

ജോൺ, ഡി.വി. ബിജുകുമാർ, ഫിനാൻസ് പാസ്റ്റേഴ്സ് എ. ബെനാൻസോസ്, കെ.എസ്. ജോൺ, എബ്രഹാം വി. ബാബു, ബ്രദേഴ്സ് കെ.സി. പോത്തൻ, ബിനു കലൈപുരം, ഡേവിഡ് സാമുവൽ, എ. മാത്യൂസ, സോഷ്യൽ വർക്ക് പാസ്റ്റേഴ്സ് മാത്യൂസ് കോശി, വി.കെ. മനോജ്കുമാർ, കലണ്ടർ പ്രിന്റിംഗ് പാസ്റ്റർ ജോസ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

### കോയമ്പത്തൂരിൽ ആത്മീയ ആരാധന

(IPC, CHAVADY)

സ്ഥലം: **പാലക്കാട്-കോയമ്പത്തൂർ റൂട്ടിൽ കെ.കെ.ചാവടിക്ക് സമീപം**

*സമയം:* **ആരാധന (ഞായർ 10.00 – 12.30), ഉപവാസ പ്രാർത്ഥന (വെള്ളി 10.30–1.00)**

കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കൗൺസലിംഗ്, പ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു.

**Pr.J.Johnson/Ph:9751599201**
**email: knowword@gmail.com**

## സെന്റർ കൺവൻഷൻ

കുമ്പനാട്: ഐ.പി.സി.കുമ്പനാട് സെന്റർ കൺവൻഷൻ നവംബർ 13-17 വരെ കുമ്പനാട് മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ടി.എസ്.ഏബ്രഹാം ഉദ്ഘാടനം ചെയ്യും. ഡോ.വത്സൻ ഏബ്രഹാം, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ വർഗീസ് ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ഗാന ശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി പാസ്റ്റർ ഏബ്രഹാം സാമുവേൽ ജനറൽ കൺവീനറായി കമ്മറ്റി പ്രവർത്തിക്കുന്നു.

## ലഹരി വിരുദ്ധ സന്ദേശ യാത്ര

പാറത്തോട്: ഐ.പി.സി.പാറത്തോട് സെന്റർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 25-ന് ലഹരി വിരുദ്ധ സന്ദേശ യാത്ര നടന്നു. സെന്റർ സോദരീ സമാജം പ്രസിഡന്റ് അന്നമ്മ മാത്യു ഉദ്ഘാടനം ചെയ്ത സന്ദേശ യാത്ര മുണ്ടക്കയം, കൂട്ടിക്കൽ, പാറത്തോട്, കോരുത്തോട് എന്നീ പഞ്ചായത്തുകളെ കേന്ദ്രീകരിച്ചായിരുന്നു. സെക്രട്ടറി മേഴ്സി ജയിംസ് സന്ദേശം നൽകി. സഹോദരിമാരായ ബിന്ദു സാം, സുനു സാൻ, സൂസമ്മ മാത്യു, മിനി രാജു, സിനി ഷിബു, സീന ജോജി എന്നിവർ സന്ദേശയാത്രക്ക് നേതൃത്വം നൽകി.

## ബഥേൽ ഗോസ്പൽ അസംബ്ലി 24-ാമത് ജനറൽ കൺവൻഷൻ

പത്തനാപുരം: ബഥേൽ ഗോസ്പൽ അസംബ്ലിയുടെ 24-ാമത് ജനറൽ കൺവൻഷൻ 2014 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ പത്തനാപുരം ബഥേൽ ഗ്രൗണ്ടിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. പതിവായി ജനുവരി മൂന്നാം ആഴ്ചയിൽ ക്രമീകരിക്കപ്പെട്ടിരുന്ന കൺവൻഷൻ പ്രത്യേക കാരണങ്ങളാൽ ഇപ്രാവശ്യം ജനുവരി അവസാന വാരത്തേക്ക് മാറ്റുകയായിരുന്നു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ആയിരങ്ങൾ പങ്കെടുക്കുന്ന ഈ കൺവൻഷനിൽ പ്രഗത്ഭരായ ദൈവദാസന്മാർ പ്രസംഗിക്കും. സഭയുടെ ജനറൽ ഓവർസിയർ റവ.ഡോ.ജോയി പി.ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങൾക്ക് സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ഗാന ശുശ്രൂഷ നിർവ്വഹിക്കും.

### കാസർഗോഡ് ജില്ലയിൽ റബ്ബർ തോട്ടം

കാസർഗോഡ് ജില്ലയിലെ കുടിയേറ്റ മേഖലയിൽ 20 ഏക്കർ റബ്ബർ തോട്ടം-വെട്ടിക്കൊണ്ടിരിക്കുന്നത് വില്പനക്ക്. വില ഏക്കറിന് 16 ലക്ഷം. വിശ്വാസികൾ മാത്രം ബന്ധപ്പെടുക.

**ഫോൺ: 8281043315**

### WANTED

Nurse Lecturer wanted in a Nursing college abroad . One year teaching experience and two year clinical experience is required .

Ph: 09025869804
firstbethel@gmail.com

## കാസർഗോഡ് ജില്ലയിലെ ഐ.പി.സി.സഭയെ സഹായിക്കുക

കേരളത്തിൽ ഏറ്റവും കുറച്ച് പെന്തെക്കോസ്ത് പ്രവർത്തനങ്ങളുള്ള ജില്ലയാണ് കാസർഗോഡ്. ഹോസ്ദുർഗ് ഏരിയായിലെ കരിവേടകം സഭ പ്രവർത്തനമാരംഭിച്ചിട്ട് പത്തു വർഷത്തോളമായി. ഇതുവരെ ഒരു മുസ്ലീം സഹോദരനിൽ നിന്ന് വാടകക്കെടുത്ത കെട്ടിടത്തിലാണ് ആരാധന നടന്നു വന്നത്. എന്നാൽ ചില വർഗ്ഗീയ ശക്തികൾ ഈ പ്രവർത്തനത്തെ തകർക്കുവാൻ നിരന്തരമായി ശ്രമിക്കുന്നു. ഇതുവരെ ആരാധിച്ചുകൊണ്ടിരുന്ന സ്ഥലം ഇനി മുതൽ ആരാധനക്ക് ലഭിക്കാത്ത സാഹചര്യമാണിപ്പോഴുള്ളത്.

അടിയന്തിരമായി ഈ സഭക്ക് സ്വന്തമായി സ്ഥലം വാങ്ങി ആരാധനാലയം നിർമ്മിക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശത്തെ പ്രവർത്തനത്തിന്റെ നിലനില്പിന് ഈ അടിസ്ഥാന സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

ഈ പ്രവർത്തനത്തെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിലാസം: Evg.Samuel C.Mathew, IPC Gilgal, Karivedakam P.O., Changala Via, Kasaragod-671 541.

സഭയുടെ ബാങ്ക് അക്കൗണ്ട് IPC Gilgal Church, Federal Bank, Rajapuram, Kasaragod.

A/c.No.10800100151753, IFSC FDRL0001080

## ക്യാൻസർ രോഗിയായ സഹോദരനെ സഹായിക്കുക

കൊല്ലം കല്ലുവാതിൽക്കൽ സ്വദേശിയായ വിക്രമൻ ഗൾഫിൽ ജോലിയിലായിരിക്കെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഗൾഫിൽ നിന്ന് മടങ്ങിയെത്തിയ ഈ സഹോദരൻ കഴിഞ്ഞ എട്ടു വർഷമായി കുടുംബമായി പ്രയർ ഫെലോഷിപ്പ് ഇൻ ക്രൈസ്റ്റ് എന്ന സഭയിൽ ആരാധിക്കുന്നു. ജോലിയോടൊപ്പം സുവിശേഷവേലയിലും വ്യാപൃതനായിരുന്ന ഇദ്ദേഹത്തിന് പെട്ടന്ന് നടുവിന് വേദന വരികയും രണ്ടുമൂന്നു ദിവസങ്ങൾക്കകം ഇരുകാലുകളും തളർന്നു പോയി. തിരുവനന്തപുരം മെഡിക്കൽ കോളജിൽ മൂന്നു മാസത്തെ നിരന്തര പരിശോധനകൾക്ക് ശേഷം ക്യാൻസർ രോഗമാണെന്ന് കണ്ടെത്തി. നട്ടെല്ലിന്റെ കണ്ണികൾ ദ്രവിച്ചു പോയ ഇദ്ദേഹത്തിന് ഇപ്പോൾ കിടക്കയിൽ നിന്ന് എഴുന്നേല്ക്കുവാൻ പോലും സാധ്യമല്ല. കഠിനമായ സാമ്പത്തിക പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഈ കുടുംബത്തെ സഹായിക്കുക. സഹായങ്ങൾ ഭാര്യ ഷീലയുടെ പേരിൽ അയക്കുക.

**Sheela R, SBT Chathannoor, A/C No.67167703733**
**IFSC SBTR 0000067**
**Address:V.S.Bhavan, Mavanakonam, Kalluvathukkal P.O., Kollam, Pin-691 578, Ph: 9633309477**



# ആസ്ട്രേലിയ പെർത്ത്

**കേരളത്തിൽ നിന്ന് ഉപരിപഠനത്തിനും ജോലിക്കുമായി ആസ്ട്രേലിയായിലെ പെർത്തിൽ വരുന്നവർക്ക് വിശുദ്ധിയിലും വേർപാടിലും സത്യദൈവത്തെ ആരാധിക്കുവാൻ ഒരിടം**

സ്ഥലം: 445, CHARLES STREET, NORTH PERTH

ആരാധനാ സമയം: SUNDAY 9.30 TO 12.00

**Contact : Pr.Roshan Thomas,**
**62 Glendale Ave., Hamersley-6022**
**Western Australia**
**Phone : +61404399916 +919846636431**

www.perthgospelchurch.com mtroshan@yahoo.co.in


BSc.Nursing ₹50,000/yr
MSc.Nursing ₹75,000/yr



Post BSc.Nursing ₹30,000/yr
Pharm D ₹90,000/yr
M Pharm ₹75,000/yr
Engineering ₹50,000/yr
MBA ₹50,000/yr
FEW SEATS AVAILABLE
Call @
9947963438
9847341000



വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത

വൃത്തിയുള്ള അടുക്കള വെടിപ്പുള്ള ഭവനം

CLEAN & BRIGHT
LIQUID SOAP
KOTTAYAM - 686521



കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ **ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വിഡ്** അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.

**ശുശ്രൂഷകന്മാരുടെ ശ്രദ്ധക്ക്: സഭകളിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്കു വേണ്ടി ധൈര്യമായി ശുപാർശ ചെയ്യാവുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് :9495509822

## യാത്രയായവർ

### പാസ്റ്റർ ടി.എം.ജോൺ



പുതുപ്പാടി (കോഴിക്കോട്): ഐ.പി.സി.തിരുവമ്പാടി സെന്ററിലെ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ ടി.എം. ജോൺ (തെങ്ങുംതോട്ടത്തിൽ കുഞ്ഞുമോൻ 60) സെപ്തംബർ 12ന് നിര്യാതനായി. കൈപ്പുറം തെയ്യപ്പാറ, താമരശ്ശേരി, ചിപ്പിലതോട്, എടുത്തുവച്ച കല്ല്, എന്നീ സഭകളിൽ ശുശ്രൂഷകനായിരുന്നു. ഭാര്യ പരേതനായ പാസ്റ്റർ പി.ടി.ചാക്കോയുടെ മകൾ ഏലിയാമ്മ ജോൺ.

മക്കൾ: ബ്ലസി (സൗദി അറേബ്യ), ബ്ലെസൻ (ബാംഗ്ലൂർ)

മരുമകൻ: റെജു തോമസ്,

തിരുവമ്പാടി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സണ്ണി ജോർജ്ജിന്റെ നേതൃത്വത്തിൽ 16-ന് സംസ്കാരം പുതുപ്പാടി സെമിത്തേരിയിൽ നടന്നു.

### എൻ.വി.ശാമുവേൽ



പട്ടിമറ്റം: പഴന്തോട്ടം ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ആദ്യകാല വിശ്വാസിയായ ഞാറ്റുങ്കാലായിൽ എൻ.വി.ശാമുവേൽ (77) സെപ്തംബർ 9ന് നിര്യാതനായി. സംസ്കാരം പാസ്റ്റർ ജയിംസ് ശാമുവേലിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർമാരായ സണ്ണി കുര്യൻ, കെ.എം.ജോസഫ്, റ്റി.എ.തമ്പി, ബാബു ചെറിയാൻ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ പരേതയായ ശോശാമ്മ പെരുമ്പാവൂർ. മക്കൾ: രാജു, ബാബു, ബെന്നി, സോഫി, മരുമക്കൾ: മേഴ്സി, ജയ്മോൾ, സെലീന

### സാറാമ്മ തോമസ്



കോഴഞ്ചേരി: തെക്കേമല നികരികാലായിൽ എൻ.എം. തോമസിന്റെ (ജോണി) ഭാര്യ സാറാമ്മ തോമസ് (പൊന്നമ്മ) നിര്യാതയായി. സംസ്കാര ശുശ്രൂഷ 7ന് കുഴിക്കാല ശാരോൺ സെമിത്തേരിയിൽ നടത്തി. പരേത പുത്തൻക്കാവ് കൊച്ചീപ്പതരകന്റങ്ങ് കുഞ്ഞുനൈനാൻ മാമ്മൻ തരകന്റെയും, കുഞ്ഞമ്മ മാമ്മന്റെയും മൂത്ത മകളാണ്. പരേത ദീർഘകാലം അബുദബി അൽ-വറൂദ് സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. *മക്കൾ:* തോമസ് മാത്യു (എബി), സുബി തോമസ്. *മരുമക്കൾ:* ബിജിമോൾ ചാക്കോ, സിബി തോമസ് മണിമല. *കൊച്ചുമക്കൾ:* ജോഷ്വാ ടി. മാത്യു, പ്രെയ്സി ആൻ തോമസ്, ഹന്നാ സാറാ തോമസ്.

## റിവൈവൽ 22-ാമത് ജനറൽ കൺവൻഷൻ

മല്ലപ്പള്ളി: മല്ലപ്പള്ളി കേന്ദ്രമായി പ്രവർത്തിക്കുന്ന റിവൈവൽ ക്രിസ്ത്യൻ പ്രെയർ ഫെലോഷിപ്പ് സഭയുടെ 22-ാമത് ജനറൽ കൺവൻഷൻ ഡിസംബർ 19-22 വരെ കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് തുരുത്തിക്കാട് കമ്യൂണിറ്റി ഗ്രൗണ്ടിൽ നടക്കും. ജനറൽ സെക്രട്ടറി ഐ.ബി.മാത്യുവിന്റെ അധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ കുരുവിള ചാക്കോ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.ജോയി, പാസ്റ്റർ പി.സി.ചെറിയാൻ, സാം കെ.സാമുവേൽ, സിസ്റ്റർ അഞ്ജലി പോൾ എന്നിവർ പ്രസംഗിക്കും. സയോൺ സിംഗേഴ്സ് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## ഐ.പി.സി. കോട്ടയം മേഖലാ ഭാരവാഹികൾ



*പാസ്റ്റർ പി.എ. മാത്യു*



*പാസ്റ്റർ എ.റ്റി. ജോർജ്ജ്*



*ഗ്ലാഡ്സൺ ജേക്കബ്*

കോട്ടയം: ഐ.പി.സി. കോട്ടയം മേഖലയിലെ (11 സെന്ററുകൾ) പ്രതിനിധികളുടെ വാർഷിക പൊതുയോഗം 2013 ഒക്ടോബർ 6-ന് കോട്ടയം ടാബർനാക്കൽ ഹാളിൽ നടന്നു. പാസ്റ്റർ കെ.ഇ.തോമസ് അദ്ധ്യക്ഷത വഹിച്ചു. 2013 –16 വർഷത്തെ മേഖലാ ഭാരവാഹികളായി തിരഞ്ഞെടുത്തു. പ്രസിഡന്റ്-പാസ്റ്റർ പി.എ. മാത്യു (പുതുപ്പള്ളി), വൈസ് പ്രസിഡന്റുമാർ-പാസ്റ്റർ എം.വി.തോമസ് (പാമ്പാടി ഈസ്റ്റ്), പാസ്റ്റർ കെ.ഇ.തോമസ് (കോട്ടയം സൗത്ത്), പാസ്റ്റർ കെ. ജെ. സാമുവേൽ (പൊൻകുന്നം), പാസ്റ്റർ സണ്ണി ഏബ്രഹാം (മുണ്ടക്കയം ഈസ്റ്റ്), ജനറൽ സെക്രട്ടറി-പാസ്റ്റർ എ.റ്റി. ജോർജ്ജ് (കോട്ടയം നോർത്ത്), ജോ.സെക്രട്ടറിമാർ-പാസ്റ്റർ വി.എ.സണ്ണി (കോട്ടയം സൗത്ത്), ബെന്നി പുള്ളോലിക്കൽ(കോട്ടയം സൗത്ത്), ജോസഫ് കുര്യാക്കോസ് (കോട്ടയം നോർത്ത്), കുര്യൻ ജോസഫ് (കോട്ടയം നോർത്ത്), ട്രഷറാർ-ഗ്ലാഡ്സൺ ജേക്കബ് (കോട്ടയം സൗത്ത്), 15 ശുശ്രൂഷകന്മാരും 16 സഹോദരന്മാരുമടങ്ങിയ കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു.

**അത്ഭുതകരമായ ദൈവിക വിടുതൽ**

**പ്രയർസെൻർ 24 hours**

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച് അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.

**Mobile No.9605829827, 9946459441, 9747492830,**

**ആവശ്യമുണ്ട്**

ബോംബെയിൽ ഒരു ക്രിസ്തീയ കുടുംബത്തിൽ താമസിച്ച് ശുശ്രൂഷിക്കുവാനും വീട്ടുകാര്യങ്ങൾ നോക്കുവാനും കഴിവുള്ള ആരോഗ്യമുള്ള മദ്ധ്യവയസ്കയെ ആവശ്യമുണ്ട്. Brokers Excuse.

**09930243323, 09930940789**

**ആവശ്യമുണ്ട്**

ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന മഹനയിം ചാരിറ്റബിൾ എഡ്യുക്കേഷണൽ സൊസൈറ്റിയുടെ (God's Love International Ministry)പ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ കട്ടപ്പന ഉപ്പുതറക്ക് സമീപം മത്തായിപ്പാറയിൽ നടത്തി വരുന്ന ബൈബിൾ സ്കൂളിന്റെയും സൗജന്യ തയ്യൽ പരിശീലന കേന്ദ്രത്തിന്റെയും നടത്തിപ്പിനായി കുടുംബമായി താമസിച്ച് പ്രവർത്തിക്കേണ്ടതിന് സുവിശേഷതത്പ്പരരും ദൈവവചന പരിജ്ഞാനവും സമർപ്പണവുമുള്ള പെന്തെക്കോസ്ത് ശുശ്രൂഷക കുടുംബത്തെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക

**Br.Wilson Joseph, Ph:9961250094, 8943460244, Email:godsloveinternational@gmail.com.**

**കർണ്ണാടകയിൽ റബ്ബർ തോട്ടം**

കർണാടകയിൽ കേരളത്തോട് ചേർന്ന് 48 ഏക്കർ റബ്ബർതോട്ടവും തെങ്ങിൻ തോപ്പും വില്പനക്ക്

**ഫോൺ: 8281043315**

Upgrade Your Nursing Career To a **HIGHER LEVEL**

20-ാം നൂറ്റാണ്ടിൽ ലഭിച്ച നേഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഘലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം...

എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ...? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ട് വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ PC.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് 2 വർഷം കൊണ്ട് Peadiatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം, M.Sc Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം.



FOR COUNSELLING & ADMISSION

**98471 43030**

**M.Sc NURSING**
Regular & Correspondance

**P.C.B.Sc NURSING**
Regular & Correspondance

For Admissions contact us @

**9847143030 | 9447413000**

**DISHAA FOUNDATION**

2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030
dishaafoundation@hotmail.com

www.dishaafoundation.com | www.dishaafoundation.in

**ANGEL SINGERS**
**THIRUVANANTHAPURAM**

**PRAISE AND WORSHIP**



കൺവെൻഷനുകൾ, കൂട്ടായ്മകൾ, റിട്രീറ്റുകൾ തുടങ്ങി സഭാഭേദമെന്യേ ദൈവീക ശുശ്രൂഷയിൽ ആത്മീക ആരാധനകൾക്കും, സംഗീത ശുശ്രൂഷകൾക്കും നേതൃത്വം നൽകുന്ന തെക്കൻ തിരുവിതാംകൂറിലെ മികച്ച ടീം.

ആരാധകരെ സ്വർഗ്ഗോന്നതികളിലെ സ്തുതി മണ്ഢലങ്ങളിലെത്തിക്കുന്ന ആത്മനിറവിന്റെ ആരാധനാനുഭവം.

ഒപ്പം മികച്ച ഗായകരും, അത്യന്താധുനിക സംഗീതോപകരണങ്ങളും സൗണ്ട് സിസ്റ്റവും ആരാധന മധുരമാക്കുന്നു.



**SOUND SYSTEM**

സൗണ്ട് സിസ്റ്റം 2000 Watts മുതൽ ഏറ്റവും മികച്ച ശബ്ദമിശ്രണി, ജനറേറ്റർ ഉൾപ്പെടെ ആത്മീക ശുശ്രൂഷകൾക്ക് മിതമായനിരക്കിൽ

**സ്വദേശത്തും വിദേശത്തും ബുക്കിംഗ് തുടരുന്നു.**

**ANGEL SINGERS LEADER : RAJESH**
**Ph: 09847683343**
**Email & Face Book : rajeshre1979@gmail.com**

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

Every good gift and every perfect gift is from above, coming down from the Father of lights

Since : 1988
GRACE Visual media
make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...
Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com
HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

പെന്തെക്കോസ്ത് യുവാവ് 33, 5'5, +2, Diploma in Mission, BTh, BA in Ministry. സുവിശേഷകൻ. പ്രൊഫഷണൽ വിദ്യാഭ്യാസം (Nursing/Engineering) ഉള്ളതും സുവിശേഷവേലക്ക് സമർപ്പണമുള്ളവരുമായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09847683343**
**Email & facebook - rajeshre1979@gmail.com**

NRI Pentecostal parents invite matrimonial proposals from born again, baptized, professionally qualified boys, working abroad for their daughter, born again, baptized, family oriented with good spiritual and moral values. She is 27/5'2, born and brought up in Middle East and she is holding B.Tech Degree and currently working in a reputable Research Institute. If interested please respond with details and recent photograph to:
**godisgraceful@gmail.com**
**Phone: 009655 5449757**

Pentecostal parents settled in USA invite proposals for their son (28 years, 5'9", fair) born again, baptized & spirit filled. He is family oriented with high spiritual & moral values. He was born & brought up in the Middle East, & is currently working as a Pharmacist (Doctor of Pharmacy) in USA. Seeks alliance from parents of Pentecostal girls (Doctors or Engineers) with similar background. Please respond with details & recent photographs to **godprovides1@gmail.com**

നായർ പശ്ചാത്തലത്തിൽ നിന്നു വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവതി (27/162), വെളുത്ത നിറം, എം.എ., ബി.എഡ്., എം.ഫിൽ, പി.എച്ച്.ഡി. പഠനത്തോടൊപ്പം ഗസ്റ്റ് ലക്ചററായി ജോലി ചെയ്യുന്നു. നല്ല ആത്മീയ നിലവാരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ: 96450 92312, 95393 78757**
**email: anitha8585@yahoo.com**

Hindu background-ൽ നിന്ന് വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവാവ് 24, 172 സെമീ, +2, ഇടത്തരം സാമ്പത്തികം. ഡ്രൈവർ ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 04936-211179, 9605531183**

കോയമ്പത്തൂരിൽ പ്രസിദ്ധ സുവിശേഷ സംഘടനയുടെ മാനേജിംഗ് ട്രസ്റ്റിയും, ഉയർന്ന ബിസിനസിന്റെ ഉടമയും, സുന്ദരനുമായ യുവാവ് 30, 170cm, M.Sc. Software Engineer, ഉയർന്ന സാമ്പത്തികം, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതും, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും, വെളുത്തു മെലിഞ്ഞ സുന്ദരിയുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഇംഗ്ലീഷിലുള്ള പ്രസംഗം മലയാളത്തിലേക്ക് പരിഭാഷ ചെയ്യുവാനുള്ള കഴിവ് അഭികാമ്യം. ആഭരണം ഉപയോഗിക്കാം. സാമ്പത്തികം പ്രശ്നമല്ല. തമിഴ് അറിയുന്നവർക്ക് മുൻഗണന.
**ഫോൺ 9526457998**

പെന്തെക്കോസ്ത് യുവാവ് 30, 5'5, +2, Karnataka Film Art Direction (Designer) ആയി ജോലി ചെയ്യുന്നു. ദൈവകൃപയുള്ളതും, B.Sc വരെ പഠിച്ചിട്ടുള്ളതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Kannur-Wynad ജില്ലകളിൽ നിന്നുള്ളവർക്ക് മുൻഗണന.
**8086831017, 9947731641**

സ്വന്തമായി ടുവീലർ വർക് ഷോപ്പ് നടത്തുന്ന പെന്തെക്കോസ്ത് യുവാവ് 28, 6', വെളുത്ത നിറം, അനുയോജ്യമായ പെന്തെക്കോസ്ത് യുവതികളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9946530110, 9946549859**

പെന്തെക്കോസ്ത് യുവാവ് 30, 165 സെമീ, B.Th, M.Div, ദൈവവേല ചെയ്യുന്നു. ഒരു ക്രിസ്തീയ സംഘടനയുടെ മാനേജരായും പ്രവർത്തിക്കുന്നു. സുവിശേഷവേലക്ക് താത്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9447695966, 9020203320**

പെന്തെക്കോസ്ത് യുവാവ് 30, 172, B.Sc.Nurse, Kuwait-ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9745160960, 9846095362**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് പാസ്റ്റർ (കണ്ണൂർ ജില്ലയിൽ) 29, 5'3, (യൂത്ത് മിനിസ്ട്രി, ഹോസ്പിറ്റൽ മിനിസ്ട്രി, പാസ്റ്ററൽ മിനിസ്ട്രി) സുവിശേഷവേലക്ക് താത്പര്യമുള്ളതോ, ജോലിയോട് കൂടി സുവിശേഷവേലക്ക് താത്പര്യമുള്ളതോ ആയ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 09544771636, 9747642569**

ഉത്തരേന്ത്യയിൽ സുവിശേഷ വേല ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 28, +2, ITI, B.Th, M.Div, ഉത്തരേന്ത്യയിൽ സുവിശേഷവേല ചെയ്യുവാൻ താത്പര്യമുള്ള, വിദ്യാഭ്യാസ യോഗ്യതയുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9947322197**

പെന്തെക്കോസ്ത് യുവാവ് 27, 5'5, ഇരുനിറം, B.Tech, (Electronic & Communication, Graduate Diploma in Computer, ന്യൂസിലാൻഡിൽ Tele-communication Engineer-ആയി ജോലി ചെയ്യുന്നു. B.Sc Nurse- മാരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 0484-2234537**
**9400694537**
**shone.2010@gmail.com**

കർണ്ണാടകയിൽ ജനിച്ചു വളർന്ന പെന്തെക്കോസ്ത് മാതാപിതാക്കളുടെ പെൺമക്കൾ (രണ്ടു പേരും B.Sc Nurseമാർ) മൂത്തയാൾ അമേരിക്കൻ സിറ്റിസൺ., ന്യൂയോർക്കിൽ ജോലി ചെയ്യുന്നു. 39 വയസ്, 5'3. മെലിഞ്ഞ ശരീരപ്രകൃതി, 2-ാമത്തെ പെൺകുട്ടി 34 വയസ്, 5'3, ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ദൈവഭക്തിയുള്ളതും, നല്ല വിദ്യാഭ്യാസവും, വിദേശത്ത് ജോലിയുള്ളതുമായ യുവാക്കന്മാരിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09902055164, 09446913178, 09611455256**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 26, 158, വെളുത്ത നിറം, M.Sc നഴ്സിംഗ് സ്വദേശത്തോ വിദേശത്തോ ജോലിയുള്ള ആത്മീയരായ പെന്തെക്കോസ്ത് യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09961339111, 09447339111, 0474-2451109**
**email: rajimolshiji0@yahoo.in**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട പ്രൈവറ്റ് സ്ഥാപനത്തിൽ ജോലി ചെയ്യുന്ന, സുവിശേഷ പ്രവർത്തനങ്ങളിൽ തത്പരനായ പെന്തെക്കോസ്ത് യുവാവ് 34, 166cm, B.Sc, രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട അഭിഷിക്തരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9526832930, 9961865206**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 21, +2, ജോലിയോ സുവിശേഷ വേലയോ ചെയ്യുന്നതായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9744249783, 9526370483**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് പാസ്റ്റർ 29, 165 സെമീ, വെളുത്ത നിറം, അമൃതസറിൽ (നോർത്ത് ഇന്ത്യാ) സുവിശേഷവേലയിലായിരിക്കുന്നു. വടക്കേ ഇന്ത്യയിൽ താമസിച്ച് ജോലിയോട് കൂടിയോ, അല്ലാതെയോ സുവിശേഷ വേല ചെയ്യുവാൻ താത്പര്യമുള്ള പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09947322197**

Pentecostal parents from Central Travancore invite matrimonial correspondence for their daughter (MBBS), working in CMC, Vellore, age 27, height 163cm, from parents of pentecostal boys with similar background.
Please respond with details to **samptom_07@yahoo.com**

ഗൾഫിൽ നിന്നും അവധിക്കു നാട്ടിൽ വന്ന പെന്തക്കോസ്തു യുവാവ്. വയസ്സ്-31. 5'8" ഇരുനിറം. SSLC, ITI, Auto Technician ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**04872322059**
**9446386059**

## സെന്റർ ഭാരവാഹികൾ

ഭദ്രാവതി: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റിലെ ഭദ്രാവതി സെന്റർ പ്രസിഡന്റായി പാസ്റ്റർ ഷാജി ജോസഫും, വൈസ് പ്രസിഡന്റായി പാസ്റ്റർ ലാൽകുമാർ കെ.ചെട്ടിക്കുളങ്ങരയും, സെക്രട്ടറിയായി പി.വി.പോളും, ജോ.സെക്രട്ടറിയായി പാസ്റ്റർ ജോസ് ജോർജ്ജും, ട്രഷററായി സുവി.കെ.ഒ.കുഞ്ഞുമോനും തിരഞ്ഞെടുക്കപ്പെട്ടു.

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

IPC SHALOM FELLOWSHIP
real pentecostals

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.


ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

*Sunday Worship Service:*
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



*Pastor John Thomas (647) 833 9744*
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

21-ാം വർഷം

മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)
നേതൃത്വം നൽകുന്നു. ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

ആരാധന – വിടുതൽ – ദൈവീക ആലോചന

## തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള പണി പൂർത്തീകരിച്ച നാൽപ്പതോളം സെല്ലാറുകൾ ഒരുമിച്ച് വിൽക്കുവാൻ ആരംഭിച്ചിരിക്കുന്നു. പരുത്തുംപാറയിലും സെല്ലാറുകൾ (കല്ലറകൾ) വില്പനക്ക്.

**ഫോൺ: 8714229702, 8547702705.**

www.GodsOwnLanguage.com
സൗജന്യ മലയാള ക്രൈസ്തവ റിസോഴ്സ് വെബ്സൈറ്റ്



സമ്പൂർണ്ണ മലയാളം ബൈബിൾ (പി. ഡി. എഫ് & യൂണിക്കോഡ്), ഓൺലൈൻ റേഡിയോ, ലൈവ് ടി.വി., ലേഖനങ്ങൾ, പുസ്തകങ്ങൾ, ക്രൈസ്തവ മാസികകൾ–പത്രങ്ങൾ, പാട്ടു പുസ്തകങ്ങൾ, ട്രാക്റ്റുകൾ, ബൈബിൾ വാൾപേപ്പറുകൾ, പ്രസംഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ഓഡിയോ ബൈബിൾ, ബൈബിൾ കഥകൾ, ഗാനങ്ങൾ, കുട്ടികൾക്കുള്ള ഗാനങ്ങൾ, നിരവധി ഓഡിയോ – വീഡിയോ മെറ്റീരിയലുകൾ, ബൈബിൾ സോഫ്റ്റ്‌വെയറുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങി ഒട്ടനേകം മലയാള ക്രൈസ്തവ വിഭവങ്ങൾ.... അതും തികച്ചും സൗജന്യമായി.....



facebook WWW.FACEBOOK.COM/GODSOWNLANGUAGE

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 15th October 2013 at RMS Kottayam

# ഐ.പി.സി. കർണ്ണാടക ശുശ്രൂഷക സമ്മേളനം ഒക്ടോബർ 23–25 വരെ





**ചാക്കോ കെ.തോമസ്**

ബാംഗ്ലൂർ: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം ഒക്ടോബർ 23–25 വരെ ഹൊറമ്മാവ് ഐ.പി.സി.ഹെഡ് ക്വാർട്ടേഴ്സ് ഓഡിറ്റോറിയത്തിൽ നടക്കും.

പാസ്റ്റർമാരായ ബാബു ചെറിയാൻ, സാം ജോർജ്ജ്, വിത്സൻ ജോസഫ്, ഇ.ഡി.ചെല്ലദുരൈ, എന്നിവർ സമ്മേളനത്തിൽ പ്രസംഗിക്കും. കർണ്ണാടകയുടെ വിവിധ ജില്ലകളിൽ നിന്നും, ഗോവ, തമിഴ്നാടിന്റെ ഇതരഭാഗങ്ങളിൽ നിന്നുമായി അഞ്ഞൂറിലധികം ശുശ്രൂഷകരും, അവരുടെ കുടുംബങ്ങളും പങ്കെടുക്കുന്ന സമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ വിത്സൻ ജോസഫ്, സെക്രട്ടറി പാസ്റ്റർ കെ.എസ്.ജോസഫ് എന്നിവർ നേതൃത്വം നൽകും. സമാപന ദിവസം പുതിയ ശുശ്രൂഷകരുടെ ഓർഡിനേഷനും തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും.

## ചാരുംമൂട് യു.പി.എഫ്.

ചാരുംമൂട്: യു.പി.എഫ്.ചാരുംമൂട് ഒരുക്കുന്ന 7-ാമത് ജനറൽ കൺവൻഷൻ നവംബർ 7–10 വരെ ചാരുംമൂട് യു.പി.എഫ്. നഗറിൽ നടക്കും. പാസ്റ്റർ എം.എ.ജോൺ, പാസ്റ്റർ പി.ജെ.ജയിംസ്, പാസ്റ്റർ റ്റി.പി.വർഗീസ്, പാസ്റ്റർ രാജു മേത്ര എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ പി.വി. ജോർജ്ജുകുട്ടി, സി.ആർ.മൈക്കിൾ, മാത്യു ലാസർ, സതീശൻ, പി.വി.പോൾ, ബെന്നി വെട്ടിയാർ തുടങ്ങിയവർ നേതൃത്വം നൽകും.

## പുതിയ പ്രവർത്തനം

പിറവം: ഐ.പി.സി.പിറവം സെന്ററിൽപ്പെട്ട നീർപ്പാറ ശാലേം സഭയുടെ ആഭിമുഖ്യത്തിൽ അരയങ്കാവ് കേന്ദ്രമാക്കി പുതിയ പ്രവർത്തനമാരംഭിച്ചു. ആഗസ്റ്റ് 22-ന് ഇവാഞ്ചലിസം ബോർഡ് ചെയർമാൻ പാസ്റ്റർ ജോയി വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ബാബു ചെറിയാൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റ്റി.എ.തോമസ് വടക്കഞ്ചേരി ഇവിടെ പ്രവർത്തിക്കുന്നു.
















PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.